# റബ്ബിനോട് തേടാൻ
# ചില പ്രാർത്ഥനകൾ

WISDOM BOOKS
Malayalam | Study | Rabbinode thedan chila prarthanakal
റബ്ബിനോട് തേടാൻ ചില പ്രാർത്ഥനകൾ
Author: sameer munderi
First Edition: March 2019
Second Edition: March 2020
Publishing | Distribution
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Cover: Primrose | Type Setting: Abdul Azeez-BlueMango Vengara | Printing: Redstar Clt
Price: Rs. 40.00

Copyright © sameer munderi
All rights reserved under international and wisdom books & publications copyright conventions. No part of this book may be used or reproduced in any manner whatsoever without written permission from the publisher, except in the case of brief quotations embodied in critical articles and reviews

# റബ്ബിനോട് തേടാൻ
# ചില പ്രാർത്ഥനകൾ

സമീർ മുണ്ടേരി

# പ്രസാധകർക്ക് പറയാനുള്ളത്...

അറിവിന്റെയും ആദർശവിശുദ്ധിയുടെയും അക്ഷര ലോകത്തേക്ക് മലയാളികളെ എത്തിക്കുക എന്ന മഹത്പ്രവർത്തനത്തിന്റെ മുന്നിൽ നടക്കുക എന്നതാണ് വിസ്ഡം ബുക്സിന്റെ ലക്ഷ്യം. അതിനുപയു ക്തമാകുന്ന നിരവധി ഗ്രന്ഥങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. കുറഞ്ഞ കാലം കൊണ്ട് വിവിധ വിഷയങ്ങളിൽ മൂല്യവത്തായ അനവധി ഗ്രന്ഥങ്ങൾ പുറത്തിറക്കിയ വിസ്ഡം ബുക്സിന് മലയാളീ മനസ്സിൽ ഇന്ന് നല്ലൊരിടമുണ്ട്. തുടക്കം മുതൽ തന്നെ ഏറെ ഹൃദ്യമായാണ് വായനക്കാർ വിസ്ഡം ബുക്സിന്റെ കൃതികളെ സ്വീകരിച്ചത് എന്നതിൽ ഏറെ ചാരിതാർഥ്യമുണ്ട്. അല്ലാഹു സ്വീകരിക്കുമാറാവട്ടെ.

വിശ്വാസിയുടെ ആയുധമാണ് പ്രാർത്ഥന. സുഖദുഃഖ സമ്മിശ്രമായ ഈ ജീവിതത്തിൽ പ്രാർത്ഥനകൾ വിശ്വാസിക്ക് നൽകുന്ന ആത്മീയ ആനന്ദം അനിർവചനീയമാണ്. സൃഷ്ടിയുടെ ദൗർബല്യവും സ്രഷ്ടാവിന്റെ ഔന്നത്യവും ഏറെ പ്രകടമാവുന്ന ഒരു ആരാധനയാണത്. പ്രാർത്ഥന തന്നെയാണ് ആരാധന എന്ന പ്രവാചക വാക്യം ഏറെ സുവിദിതമാണല്ലോ. ഖുർആനിലും ഹദീസിലും നിരവധി പ്രാർത്ഥനകൾ കാണാം. നി ത്യേന നാം പ്രാർത്ഥിക്കേണ്ട പ്രാർത്ഥനകളും ധാരാളമുണ്ട്. അവയെ അറിയാൻ നമ്മെ സഹായിക്കുന്ന ഒരു ലഘു കൃതിയാണിത്. സമീർ മുണ്ടേരിയാണിതിന്റെ രചന നിർവഹിച്ചത്. ക്രോഡീകരണത്തിന്റെ ഭംഗി ഇതിന്റെ വായനാസുഖം വർധിപ്പിക്കുന്നു.

മാനേജർ
വിസ്ഡം ബുക്സ്.

# ഉള്ളടക്കം


1. മുഖക്കുറി.... ....................................5
2. പ്രാർത്ഥനയുടെ പ്രാധാന്യം....................................7

അല്ലാഹു നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം നൽകും....................8

അല്ലാഹു പൊറുക്കാത്ത പാപം....................9

അല്ലാഹുവിന്റെ അമ്പിയാക്കളുടെ മാർഗം സ്വീകരിക്കുക ....................9

3. പ്രാർത്ഥനയുടെ മര്യാദകൾ.................................... 11
4. ഉത്തരം ലഭിക്കുന്ന സമയങ്ങൾ, സ്ഥലങ്ങൾ .................... 14
5. സ്വർഗ പ്രവേശനവും നരക മോചനവും ....................17
6. പാപമോചനവും കാരുണ്യവും .................... 20
7. സന്മാർഗത്തിനും ദീനിൽ ഉറച്ച് നിൽക്കാനും ....................28
8. ദുനിയാവിലെയും പരലോകത്തെയും നന്മകൾക്കായ്....................33
9. മാതാപിതാക്കൾക്കും മക്കൾക്കും കുടുംബത്തിനും ....................37
10. പരലോകവും ദീനും നന്നാവാൻ .................... 40
11. ദുനിയാവും ദുനിയാവിലെ അവസ്ഥകളും നന്നാവാൻ....................43
12. വിട്ടു വീഴ്ചക്കും സൗഖ്യത്തിനും....................47
13. മാനസിക – ശാരീരിക പ്രയാസങ്ങളിൽ നിന്നുള്ള കാവൽ തേട്ടം ......49
14. ഫിത്നകളിൽ നിന്ന് കാവൽ ചോദിക്കൽ ....................54
15. അല്ലാഹുവിന്റെ സംരക്ഷണവും സഹായവും ....................56
16. നമസ്ക്കാരശേഷമുള്ള ദിക്റുകൾ ....................58

നമസ്കാരത്തിൽ നിന്ന് വിരമിച്ചാൽ ....................58

സുബ്ഹിക്കും മഗ്രിബിനും ശേഷം .................... 61

17. പ്രഭാത പ്രദോഷത്തിലെ ദിക്റുകളും ദുആകളും....................63

ആയത്തുൽകുർസിയ്യ് ....................67

സയ്യിദുൽഇസ്തിഗ്ഫാർ ....................68

സ്വലാത്തിന്റെ ഒരു രൂപം ....................77

# മുഖക്കുറി....

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ആരംഭിക്കുന്നു.

വിശ്വാസിയുടെ ആയുധം പ്രാർത്ഥനയാണ്. ഇന്നലെകളിൽ കഴിഞ്ഞു പോയവർ പ്രാർത്ഥനയാകുന്ന ആയുധത്തെ നന്നായി ഉപയോഗിച്ചവരാണ്. ഏത് പ്രതിസന്ധിയിലും കരുത്തു പകരുന്ന പ്രാർത്ഥനകൾ പ്രവാചകൻ ﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നാം അവ പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്താൽ നമുക്ക് ലഭിക്കുന്ന ആത്മീയ ഉണർവ് നിർവചിക്കാൻ സാധ്യമല്ല..

പ്രാർത്ഥനാ പഠനത്തിന്റെ പ്രാധാന്യം വിശുദ്ധ ക്വുർആനിലെ താഴെക്കൊടുക്കുന്ന വചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. അല്ലാഹു പറഞ്ഞു:

(നബിയെ) പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്? എന്നാൽ നിങ്ങൾ നിഷേധിച്ചു തള്ളിയിരിക്കുകയാണ്. അതിനാൽ അതിനുള്ള ശിക്ഷ അനിവാര്യമായിരിക്കും) (അൽ ഫുർഖാൻ: 77)

അതു കൊണ്ട് നാം അല്ലാഹുവോട് പ്രാർത്ഥിക്കണം എന്ന് ആഗ്രഹിക്കുന്ന വിഷയങ്ങളിൽ ക്വുർആനിലും സുന്നത്തിലും വന്ന ദുആകൾ ക്രമപ്പെടുത്തിയാണ് ഈ ലഘുകൃതി തയ്യാറാക്കിയിരിക്കുന്നത്.

പ്രമുഖ പണ്ഡിതൻ ശൈഖ് സ്വാലിഹ് അൽ മുനജ്ജിദ് രചിച്ച "ക്വുർആനിലും സ്വഹീഹായ ഹദീസുകളിലും പ്രതിപാദിക്കപ്പെട്ട നൂറ് പ്രാർത്ഥനകൾ'' എന്ന ലഘു ഗ്രന്ഥം മുന്നിൽ വെച്ച് ഒരു പുസ്തകം തയ്യാറാക്കാൻ ആവശ്യപ്പെട്ടത് കേരളത്തിലെ ഒരു യുവ എഞ്ചിനിയർ ആണ്. കഴിവിന്റെ പരമാവധി ഈ ലഘു ഗ്രന്ഥം കുറ്റമറ്റതാക്കാൻ പരിശ്രമിച്ചിട്ടുണ്ട്.

ആമുഖത്തിൽ നൽകിയ രണ്ട് അദ്ധ്യായങ്ങൾ ബഹുമാന്യ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനി എഴുതിയ തിരുദൂതരുടെ ദുആകൾ എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തതാണ്.

പലരും സഹായിച്ചിട്ടുണ്ട്. പേരുകൾ ചേർക്കുന്നില്ല. അല്ലാഹു എല്ലാവരിൽനിന്നും ഒരു സൽകർമ്മമായി ഇത് സ്വീകരിക്കട്ടെ.. ആമീൻ

**സമീർ മുണ്ടേരി**
ജുബൈൽ
07/03/2020

## أهمية الدعاء

# പ്രാർത്ഥനയുടെ പ്രാധാന്യം

അല്ലാഹു മനുഷ്യസമൂഹത്തെ സൃഷ്ടിച്ചിട്ടുള്ളത് അവനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ്. അത് വിശദീകരിക്കുവാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും, വേദഗ്രന്ഥങ്ങളവതരിപ്പിച്ചതും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു

(وَمَا خَلَقْتُ الْجِنَّ وَالإِنسَ إِلا لِيَعْبُدُونِ) (الذاريات: ٥٦)

(എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ മനുഷ്യ ജിന്ന് വർഗങ്ങളെ സൃഷ്ടിച്ചിട്ടില്ല)

നമ്മുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം അല്ലാഹുവിനെ ആരാധിക്കലാണ്. അവനോട് പ്രാർത്ഥിക്കണം എന്നാണ് അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു.

(وَقَالَ رَبُّكُمْ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ) (غافر:٦٠)

നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്. തീർച്ച . (ഗാഫിർ:60)

(وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ)(البقرة:١٨٦)

നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത് (അൽബഖറ:186)

## അല്ലാഹു നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം നൽകും.

പലരുടെയും മനസ്സിലെ സംശയമാണ് അല്ലാഹു എന്റെ പ്രാർത്ഥന കേൾക്കുമോ, എന്നെ പരിഗണിക്കുമോ എന്നൊക്കെ. ഒരു വിശ്വാസിയുടെ മനസ്സിൽ ഒരിക്കലും വരാൻ പാടില്ലാത്ത ചിന്തയാണിത്. അല്ലാഹു മൂന്ന് രീതിയിലാണ് നമ്മുടെ പ്രാർത്ഥനകളെ പരിഗണിക്കുന്നത്. കാരണം നാം ചോദിക്കുന്ന കാര്യത്തെക്കുറിച്ച് നമ്മെക്കാൾ നന്നായി അറിയുന്നവൻ അല്ലാഹുവാണ്.

അബൂ സഈദി ﵁ൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: പാപവും, കുടുംബബന്ധം മുറിക്കലും ഇല്ലാത്ത ഏതെങ്കിലുമൊരു കാര്യം ഒരു മുസ്‌ലിം പ്രാർത്ഥിച്ചാൽ മൂന്നിൽ ഒരു കാര്യം അല്ലാഹു അവന് നൽകുന്നതാണ്. ഒന്നുകിൽ അവൻ പ്രാർത്ഥിച്ച കാര്യം പെട്ടെന്ന് നൽകുന്നു, അല്ലെങ്കിൽ പരലോകത്തേക്ക് നീട്ടിവെക്കുന്നു, അതുമല്ലെങ്കിൽ അതുപോലെയുള്ള തിന്മ അവനെ തൊട്ട് തടയുന്നു. സ്വഹാബികൾ ചോദിച്ചു: അപ്പോൾ ഞങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുകയോ? പ്രവാചകൻ അരുളി: അല്ലാഹു തന്നെയാണ് സത്യം അധികരിപ്പിക്കൂ (ഇമാം അഹ്മദ്.)

## അല്ലാഹു പൊറുക്കാത്ത പാപം

അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കാതെ അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർത്ഥിക്കുന്ന ധാരാളം മനുഷ്യരെ സമൂഹത്തിൽ നമുക്ക് കാണാം. അല്ലാഹു ഒരിക്കലും പൊറുക്കാത്ത പാപമാണ് ആ പ്രവർത്തി. ശിർക്കിനെക്കുറിച്ച് അല്ലാഹു പഠിപ്പിച്ചത് ഇപ്രകാരമാണ്.

(إِنَّ اللَّهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدْ افْتَرَى إِثْمًا عَظِيمًا) (النساء:٤٨)

“തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്” (അന്നിസാഅ്: 48)

## അല്ലാഹുവിന്റെ അമ്പിയാക്കളുടെ മാർഗം സ്വീകരിക്കുക

ലോകത്തേക്ക് കടന്നു വന്ന എല്ലാ നബിമാരും പഠിപ്പിച്ച ആശയം അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കണം എന്നുള്ളതാണ്. ജീവിതത്തിന്റെ ഏതു പ്രതിസന്ധിയുടെ സന്ദർഭങ്ങളിലും അല്ലാഹുവോട് മനുഷ്യന് പ്രാർത്ഥിക്കാം. ഇടയാളന്മാരുടെയോ, തങ്ങന്മാരുടെയോ ആവശ്യമില്ല. കാരണം അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.

നമ്മുടെ ജീവനാഡിയേക്കൾ സമീപസ്ഥനായ അല്ലാഹുവിനെ വിട്ട് അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർത്ഥിക്കുന്ന അവസ്ഥയിലേക്ക് നാം കടന്നു ചെല്ലുന്നതിനെ സൂക്ഷിക്കണം. അല്ലാഹു ഒരിക്കലും പൊറുക്കാത്ത നരക ശിക്ഷക്ക് കാരണമാകുന്ന ശിർക്കിൽ നിന്ന് അകന്ന് വേണം നാം ജീവിക്കാൻ.

അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നതിന്റെ നിരർത്ഥകത അല്ലാഹു ബോധ്യപ്പെടുത്തുന്നുണ്ട്. അല്ലാഹു പറഞ്ഞു:

“നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലാകട്ടെ നിങ്ങൾ

അവരെ പങ്കാളിയാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ഫാത്വിർ: 14)

മറ്റൊരു ആയത്ത് ഇപ്രകാരമാണ്.

"മനുഷ്യരെ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തു ചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബ്ബലർ തന്നെ" (അൽഹജ്ജ്: 73)

അല്ലാഹുവോട് ചോദിക്കുവാനാണ് നമ്മോട് അല്ലാഹു ആവശ്യപ്പെടുന്നത്. അബൂഹുറയ്റ ﷺവിൽ നിന്ന് നിവേദനം, പ്രവാചകൻ ﷺ പറഞ്ഞു: "അല്ലാഹുവിന് പ്രാത്ഥനയേക്കാൾ ആദരവുള്ള യാതൊന്നും തന്നെയില്ല" (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

അബൂഹുറയ്റ ﷺവിൽ നിന്ന് നിവേദനം, പ്രവാചകൻ ﷺ പറഞ്ഞു: "അല്ലാഹുവിനോട് ചോദിക്കാത്തവന്റെ മേൽ അല്ലാഹു കോപിക്കുന്നതാണ്" (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

آداب الدعاء

# പ്രാർത്ഥനയുടെ മര്യാദകൾ

തെളിവുകൾ വിശദീകരിക്കാതെ പ്രാർത്ഥനയുടെ മര്യാദകളാണ് ഈ അദ്ധ്യായത്തിൽ കുറിക്കുന്നത്. പ്രമാണങ്ങളിൽ വന്ന മര്യാദകളെ ഓർമ്മപ്പെടുത്തുകയാണ് ഉദ്ദേശം. പ്രാർത്ഥനക്ക് മുമ്പ് നാം മനസ്സിലാക്കിവെക്കേണ്ട ഭാഗങ്ങളാണ് ഇതെല്ലാം.

- അല്ലാഹുവിനോടു മാത്രം പ്രാർത്ഥിക്കുക.
- പ്രാർത്ഥിക്കുന്നവൻ രക്ഷാകർതൃത്വത്തിലും ആരാധ്യതയിലും നാമവിശേഷണങ്ങളിലുമുള്ള അല്ലാഹുവിന്റെ ഏകത്വം അംഗീകരിച്ച്, മനസ്സിൽ ഉറപ്പിച്ച്, അതനുസ്സരിച്ചു പ്രവർത്തിക്കുന്നവനാകണം. അഥവാ തൗഹീദ് അവനിൽ സാക്ഷാൽകൃതമാകണം.
- ആത്മാർത്ഥമായിരിക്കുക.
- അല്ലാഹുവിന്റെ റസൂലിന്റെ ചര്യയനുസരിച്ചായിരിക്കുക.
- അല്ലാഹുവിനെ വാഴ്ത്തി, പുകഴ്ത്തി നബി ﷺക്കു വേണ്ടി സ്വലാത്ത് ചൊല്ലി തുടങ്ങുക. അപ്രകാരം അവസാനിപ്പിക്കുക

യും ചെയ്യുക.

- ഉത്തരം കിട്ടും എന്ന ഉറപ്പോടെ പ്രാർത്ഥിക്കുക.
- പ്രാർത്ഥിക്കുമ്പോൾ മൂന്ന് പ്രാവശ്യം ചോദിക്കുക. ഉത്തരം കിട്ടുവാൻ തിടുക്കം കാണിക്കരുത്.
- പ്രാർത്ഥിക്കുമ്പോൾ ഹൃദയ സാന്നിധ്യം ഉണ്ടായിരിക്കുക. അഥവാ ഉള്ളറിഞ്ഞു പ്രാർത്ഥിക്കുക.
- ക്ഷാമകാലത്തും ക്ഷേമകാലത്തും പ്രാർത്ഥിക്കുക.
- കുടുംബത്തിനും മക്കൾക്കും സ്വന്തത്തിനും സമ്പത്തിനും എതിരിൽ പ്രാർത്ഥിക്കാതിരിക്കുക.
- കുറ്റകരമായ കാര്യത്തിനോ കുടുംബ വിഛേദത്തിനോ പ്രാർത്ഥിക്കാതിരിക്കുക
- ശബ്ദം താഴ്ത്തി പ്രാർത്ഥിക്കുക.
- പാപങ്ങൾ ഏറ്റു പറയുക, പൊറുക്കലിനെ തേടുക.
- അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിനോടൊപ്പം അത് അംഗീകരിച്ച് ദുആയിരക്കുക.
- ദുആയിൽ കൃത്രിമമായ പ്രാസമൊപ്പിക്കൽ ഒഴിവാക്കുക.
- വിനയം, ഭക്തി, ആഗ്രഹം, ഭയം എന്നിവ ഹൃദയത്തിൽ സമ്മിശ്രമാക്കി ദുആയിരക്കുക.
- അന്യരിൽ നിന്ന് അന്യായമായി നേടിയത് അവകാശികൾക്ക് തിരിച്ചു നൽകിക്കൊണ്ട് തൗബഃ ചെയ്യുക.
- ദുആയിരക്കുമ്പോൾ കൈകൾ ഉയർത്തുക.
- അല്ലാഹുവെ ഭയന്ന് കരഞ്ഞു കൊണ്ടു ദുആഅ് ചെയ്യുക.
- അതിരു കവിയാതിരിക്കുക.
- മറ്റുള്ളവർക്കു വേണ്ടി ദുആയിരക്കുമ്പോൾ സ്വന്തത്തിനു വേണ്ടി ദുആ ചെയ്തു കൊണ്ട് തുടങ്ങുക.
- സ്വന്തത്തോടൊപ്പം മാതാപിതാക്കൾക്കു വേണ്ടിയും ദുആഅ് ചെയ്യുക.
- സ്വന്തത്തോടൊപ്പം വിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടി ദുആഅ് ചെയ്യുക.
- സാധ്യമെങ്കിൽ വുദ്വൂഅ് ചെയ്യുക.

- അല്ലാഹുവിന്റെ അത്യുത്തമ നാമങ്ങളേയോ (അസ്മാഉൽ ഹുസ്നാ) വിശേഷണങ്ങളേയോ (സ്വിഫാത്തുല്ലാഹ്), സ്വന്തം സൽക്കർമ്മങ്ങളേയോ മുൻനിർത്തി (വസീലയാക്കി) ദുആഅ് ചെയ്യുക.
- ജീവിച്ചിരിക്കുന്ന സ്വാലിഹായ വ്യക്തികളോട് ദുആ ചെയ്യുവാൻ ആവശ്യപ്പെടുക.
- ഭക്ഷണം, പാനീയം, വസ്ത്രം, വാഹനം, തുടങ്ങി സമ്പാദ്യങ്ങളെല്ലാം ഹലാലായതാവുക.
- എല്ലാ തെറ്റുകുറ്റങ്ങളിൽ നിന്നും അകന്നു കഴിയുക.

## الأوقات التي تجاب فيها الدعوات

# ഉത്തരം ലഭിക്കുന്ന സമയങ്ങൾ, സ്ഥലങ്ങൾ

ഏതു സ്ഥലത്ത് വെച്ചും ഏതു സാഹചര്യത്തിലും അടിമകൾക്ക് അല്ലാഹുവോട് ദുആ നടത്താം. എന്നാൽ അല്ലാഹുവോട് പ്രാർത്ഥിക്കുമ്പോൾ ഉത്തരം ലഭിക്കാൻ ഏറ്റവും കൂടുതൽ സാധ്യതയുള്ള സമയങ്ങളും സ്ഥലങ്ങളും തിരുദൂതർ ﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവ താഴെ നൽകുന്നു.

- ലൈലത്തുൽ ക്വദ്റ്.
- രാത്രിയുടെ അവസാനത്തെ മൂന്നിലൊന്നിൽ.
- ഫർദ്വ് നമസ്കാരത്തിന്റെ അവസാനത്തിൽ.
- ബാങ്കിന്റെയും ഇക്വാമത്തിന്റെയും ഇടയിൽ.
- ഓരോ രാത്രിയിലും ഒരു പ്രത്യേക സമയം.
- ഫർദ് നമസ്കാരത്തിന് ബാങ്ക് മുഴങ്ങുമ്പോൾ.
- മഴ വർഷിക്കുമ്പോൾ.
- യുദ്ധത്തിൽ സൈന്യങ്ങൾ കണ്ടുമുട്ടുമ്പോൾ.
- വെള്ളിയാഴ്ച അസ്വറിന്റെ അവസാനസമയം. അല്ലെങ്കിൽ

ഖുതുബയുടേയും ജുമുഅഃ നമസ്കാരത്തിന്റെയും സമയം.

- സംസം വെള്ളം കുടിക്കുമ്പോൾ.
- സുജൂദിൽ.
- രാത്രി ഉറക്കത്തിൽ നിന്ന് ഉണരുമ്പോൾ.
- ശുദ്ധി ചെയ്ത് ഉറങ്ങി പിന്നീട് രാത്രി ഉറക്കിൽ നിന്ന് ഉണർന്ന് എഴുന്നേൽക്കുകയും ദുആ ചെയ്യുകയും ചെയ്താൽ.
- മരണം നടന്ന ഉടനെ അവിടെ വെച്ചുള്ള ദുആഅ്.
- ഇസ്മുല്ലാഹിൽ അഅ്ളം (അല്ലാഹുവിന്റെ ഉൾകൃഷ്ടമായ നാമങ്ങൾ) കൊണ്ടുള്ള ദുആ.
- സഹോദരന്റെ അസാന്നിധ്യത്തിൽ അവനു വേണ്ടിയുള്ള ദുആ.
- അറഫാദിനം അറഫഃയിൽ വെച്ചുള്ള ദുആ.
- റമദ്വാനിലെ ദുആഅ്.
- നോമ്പുകാരൻ നോമ്പു തുറക്കുന്നതു വരെയുള്ള ദുആഅ്.
- നോമ്പുകാരൻ നോമ്പു തുറക്കുമ്പോഴുള്ള ദുആഅ്.
- അല്ലാഹുവിനെ സ്മരിക്കുന്ന വേദികളിൽ ദുആ ചെയ്യുക.
- മുസ്വീബത്തുകൾ ഏൽക്കുമ്പോൾ,
- തികഞ്ഞ ആത്മാർത്ഥതയുണ്ടാവുകയും അല്ലാഹുവിലേക്ക് ഹൃദയം അടുക്കുകയും ചെയ്യുമ്പോഴുള്ള ദുആഅ്.
- മർദ്ദകന്നെതിരിൽ മർദ്ദിതന്റെ ദുആഅ്.
- പിതാവ് സന്താനങ്ങൾക്കു വേണ്ടിയോ അവർക്ക് എതിരിലോ നടത്തുന്ന ദുആഅ്.
- യാത്രക്കാരന്റെ ദുആഅ്.
- നിർബന്ധിതാവസ്ഥയിലുള്ള ദുആഅ്.
- നീതിമാനായ ഭരണാധികാരിയിൽ നിന്നുള്ള ദുആഅ്.
- പുണ്യം ചെയ്യുന്ന മക്കളിൽ നിന്ന് മാതാപിതാക്കൾക്ക് വേണ്ടിയുള്ള ദുആഅ്.
- വുദ്വൂഅ് ചെയ്ത ഉടനെ ചൊല്ലേണ്ട സുന്നത്തിൽ സ്ഥിരപ്പെട്ട ദുആഅ്.
- ഹജ്ജിൽ ജംറത്തുസ്സ്വുഗ്റയും ജംറത്തുൽ വുസ്ത്വയും എറി

ഞ്ഞതിന് ശേഷമുള്ള ദുആഅ്.

- കഅ്ബക്ക് അകത്തുള്ള ദുആഅ്. (ഹിജ്റിൽ ദുആഅ് ചെയ്താലും കഅ്ബക്കകത്താണ്.)
- ഹജ്ജും ഉംറയും നിർവ്വഹിക്കുന്നവൻ സ്വഫാ മർവ്വകളിൽ നിർവ്വഹിക്കുന്ന ദുആഅ്.
- ദുൽഹജ്ജ് പത്തിനു മശ്അറുൽഹറാമിൽ (മുസ്ദലിഫഃയിൽ) വെച്ചുള്ള ദുആഅ്.

## سؤال الله الجنة والنجاة من النار

# സ്വർഗ പ്രവേശനവും നരക മോചനവും

വിശ്വാസികളുടെ പ്രഥമ ലക്ഷ്യമാണ് സ്വർഗപ്രവേശനവും നരക മോചനവും. അല്ലാഹു തന്റെ ദാസന്മാർക്ക് വേണ്ടി തയ്യാറാക്കി വെച്ച സ്വർഗത്തെക്കുറിച്ച് വിശുദ്ധ ക്വുർആനും തിരുസുന്നത്തും ഏറെ വിശദീകരിക്കുന്നുണ്ട്. ക്വുദ്സിയായ ഒരു ഹദീസിൽ ഇപ്രകാരം കാണാം.

« أَعْدَدْتُ لِعِبَادِي الصَّالِحِينَ مَا لاَ عَيْنَ رَأَتْ ، وَلاَ أُذُنَ سَمِعَتْ ، وَلاَ خَطَرَ عَلَى قَلْبِ بَشَرٍ»

"എന്റെ സദ്വൃത്തരായ ദാസന്മാർക്ക് ഞാൻ ഒരു കണ്ണും കാണാത്തത്ര, ഒരു കാതും കേൾക്കാത്തത്ര, ഒരു മനുഷ്യ ഹൃദയവും ഭാവനയിൽ കൊണ്ട് വരാത്തത്ര ഒരുക്കിയിരിക്കുന്നു." (ബുഖാരി)

അതു കൊണ്ട് അല്ലാഹു ഒരുക്കി വെച്ച സ്വർഗം ചോദിക്കണമെന്നാണ് നബിﷺ നമ്മെ പഠിപ്പിച്ചത്. നബിﷺ പറയുകയാണ്.

«مَنْ سَأَلَ اللهَ الجَنَّةَ ثَلاَثَ مَرَّاتٍ ، قَالَتْ الجَنَّةُ: اللَّهُمَ أَدْخِلْهُ الجَنَّةَ ، وَمَنْ اسْتَجَارَ مِنْ النَّارِ ثَلاَثَ مَرَّاتٍ ، قَالَتْ النَّارُ: اللَّهُمَّ

أَجِرْهُ مِنَ النَّارِ»

“ഒരാൾ അല്ലാഹുവോട് മൂന്ന് തവണ സ്വർഗം തേടിയാൽ, സ്വർഗം പറയും: അല്ലാഹുവെ, ഇയാളെ നീ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ, ഒരാൾ അല്ലാഹുവിനോട് മൂന്ന് തവണ നരകത്തിൽ നിന്ന് മോചനം തേടിയാൽ നരകം പറയും അല്ലാഹുവെ, ഇയാൾക്ക് നീ നരകത്തിൽ നിന്ന് മോചനമേകണേ.” (തിർമിദി)

എല്ലാ ദിവസവും നമ്മുടെ ദുആയിൽ ഇടം പിടിക്കേണ്ട ചോദ്യമാണിത്. സ്വർഗ പ്രവേശനവും നരക മോചനവും ആഗ്രഹിക്കുന്നവർക്കായി അല്ലാഹുവിന്റെ തിരുദൂതർ പഠിപ്പിച്ച ഏതാനും ചില പ്രാർത്ഥനകൾ കാണുക.

1 – «اللّٰهُمَّ إني أسألك الجنة، وأعوذ بك مِن النار»

അല്ലാഹുവേ, ഞാൻ നിന്നോട് സ്വർഗം ചോദിക്കുന്നു. നരകത്തിൽ നിന്ന് കാവൽ തേടുകയും ചെയ്യുന്നു. (ഇബ്നുമാജ)

2 – «رَبِّ ابْنِ لِي عِنْدَكَ بَيْتًا فِي الْجَنَّةِ»

“എന്റെ റബ്ബേ, എനിക്ക് നീ നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരികയും (ചെയ്യേണമേ)” (സൂറത്തുത്തഹ്‌രീം: 11)

3 – رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِالصَّالِحِينَ ۝ وَاجْعَلْ لِي لِسَانَ صِدْقٍ فِي الْآخِرِينَ ۝ وَاجْعَلْنِي مِنْ وَرَثَةِ جَنَّةِ النَّعِيمِ

“എന്റെ റബ്ബേ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ. പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ. എന്നെ നീ സുഖസമ്പൂർണ്ണമായ സ്വർഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ.” (അശ്ശുഅറാഅ്: 83-85)

4 – رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا

“ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കി ത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താ കുന്നു.” (അൽ ഫുർഖാൻ: 65)

**5 – اللَّهُمَّ رَبَّ جِبْرَائِيلَ وَمِيكَائِيلَ وَرَبَّ إِسْرَافِيلَ أَعُوذُ بِكَ مِنْ حَرِّ النَّارِ وَمِنْ عَذَابِ الْقَبْرِ**

“ജിബ്‌രീലിന്റെയും മീകാഈലിന്റെയും ഇസ്‌റാഫീലിന്റെയും രക്ഷി താവായ അല്ലാഹുവേ, നരകച്ചൂടിൽ നിന്നും ക്വബ്ർ ശിക്ഷയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.” (നസാഈ)

## سؤال الله المغفرة والرحمة

# പാപമോചനവും കാരുണ്യവും

അല്ലാഹു മനുഷ്യസമൂഹത്തോട് ആവശ്യപ്പെട്ട കാര്യമാണ് പാപമോചനം തേടലും അവന്റെ കാരുണ്യത്തെ ചോദിക്കലും.

ആദ്യമനുഷ്യനായ ആദം നബി ﷺ പടച്ച തമ്പുരാന്റെ കൽപ്പന ലംഘിച്ചപ്പോൾ ഉടനെ പാപമോചനം തേടിയത് ഖുർആൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. (അൽ-അഅ്റാഫ്:7:23)

നൂഹ് നബി ﷺ അല്ലാഹുവോട് പാപമോചനം നടത്തിയത് ഇപ്രകാരമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

എന്റെ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും. (ഹൂദ്:11:47)

വിശുദ്ധമായ കഅ്ബാലയം നിർമ്മിച്ച ഇബ്റാഹീം നബി ﷺ യുടെ പ്രാർത്ഥന ഇപ്രകാരമായിരുന്നു. “ഞങ്ങളുടെ പശ്ചാതാപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാതാപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.” (അൽ-ബഖറ:2:128)

പാപമോചനം തേടിയും അല്ലാഹുവിന്റെ കാരുണ്യം ചോദിച്ചും ക്വുർആനിലും സുന്നത്തിലും വന്ന ദുആകൾ നിരവധിയാണ്. അവയിൽ ചിലതാണ് ഈ അദ്ധ്യായത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നത്.

1 – رَبَّنَا إِنَّنَا آمَنَّا فَاغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ النَّارِ وَكَفِّرْ عَنَّا سَيِّئَاتِنَا وَتَوَفَّنَا مَعَ الْأَبْرَارِ رَبَّنَا وَآتِنَا مَا وَعَدْتَنَا عَلَى رُسُلِكَ وَلَا تُخْزِنَا يَوْمَ الْقِيَامَةِ إِنَّكَ لَا تُخْلِفُ الْمِيعَادَ

"അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളിൽ നിന്ന് നീ മായ്ച്ചു കളയുകയും ചെയ്യേണമേ. പുണ്യവാന്മാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, നിന്റെ ദൂതന്മാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച." (ആലുഇംറാൻ: 193, 194 )

2 – رَبَّنَا اغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِي أَمْرِنَا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ

ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ പാപങ്ങളും, ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ചു നിർത്തുകയും, സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ. (ആലുഇംറാൻ: 147)

3 – رَبَّنَا ظَلَمْنَا أَنْفُسَنَا وَإِنْ لَمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ

“ഞങ്ങളുടെ റബ്ബേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും.” (അൽ-അഅ്റാഫ്: 23)

4 – رَبَّنَا آمَنَّا فَاغْفِرْ لَنَا وَارْحَمْنَا وَأَنْتَ خَيْرُ الرَّاحِمِينَ

ഞങ്ങളുടെ റബ്ബേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും, ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണ്യവാന്മരിൽ ഉത്തമനാണല്ലോ. (അൽ മുഅ്മിനൂൻ: 109)

(رَبِّ اغْفِرْ وَارْحَمْ وَأَنْتَ خَيْرُ الرَّاحِمِينَ)

“എന്റെ രക്ഷിതാവേ, നീ പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണ്യവാന്മരിൽ ഏറ്റവും ഉത്തമനാണല്ലോ.” (അൽ മുഅ്മിനൂൻ: 118)

5 – رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِلَّذِينَ آمَنُوا رَبَّنَا إِنَّكَ رَءُوفٌ رَحِيمٌ

“ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു.” (അൽഹശ്ർ :10)

6 – اَللَّهُمَّ إِنِّي أَسْأَلُكَ يَا اللهُ الأَحَدُ الصَّمَدُ الذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ أَنْ تَغْفِرَ لِي ذُنُوبِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

അല്ലാഹുവേ, നിന്നോടിതാ ഞാൻ തേടുന്നു. ഏകനും, എല്ലാവർ

ക്കും ആശ്രയം നൽകുന്ന നിരാശ്രയനും, (ആരുടേയും സന്തതിയായി) ജനിക്കാത്തവനും (ആരേയും) ജനിപ്പിക്കാത്തവനും തുല്യനായി ആരുമില്ലാത്തവനുമായവൻ. അല്ലാഹുവേ എന്റെ തെറ്റുകൾ നീ എനിക്കു പൊറുക്കേണമേ. നിശ്ചയം നീ പാപം പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമല്ലോ. (സുനനു അബീദാവൂദ്)

(ഒരു വ്യക്തി ഈ ദുആ നിർവഹിച്ചതു കേട്ടപ്പോൾ "അയാൾക്കു പൊറുത്തു കൊടുക്കപ്പെട്ടു" എന്ന് തിരുമേനിﷺ മൂന്നു തവണ പറഞ്ഞു. ഈ സംഭവം സുനനുന്നസാഇയിലുണ്ട്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.)

**7 – اللَّهُمَّ اغْفِرْ لِي خَطِيْئَتِي وَجَهْلِي، وَإِسْرَافِي فِي أَمْرِي، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، اللَّهُمَّ اغْفِرْ لِي جِدِّيْ وَهَزْلِيْ، وَخَطَئِي وَعَمْدِي وَكُلُّ ذَلِكَ عِنْدِي اللَّهُمَّ اغْفِرْ لِي مَا قَدَّمْتُ وَمَا أَخَّرْتُ، وَمَا أَسْرَرْتُ وَمَا أَعْلَنْتُ، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، أَنْتَ المُقَدِّمُ وَأَنْتَ المُؤَخِّرُ، وَأَنْتَ عَلَى كُلِّ شَيْءٍ قَدِيرٌ**

'അല്ലാഹുവേ, എന്റെ തെറ്റും വിവരക്കേടും എന്റെ കാര്യങ്ങളിലെല്ലാമുള്ള അമിതവ്യയവും എന്നേക്കാൾ കൂടുതൽ നിനക്ക് അറിയാവുന്നതായ (കുറ്റങ്ങളും) നീ എനിക്കു പൊറുക്കേണമേ. അല്ലാഹുവേ, എന്റെ തെറ്റുകുറ്റങ്ങളും ബോധപൂർവ്വവും അജ്ഞതയിലും കളിതമാശയിലും (വന്നുപോയ വീഴ്ചകളും) നീ എനിക്കു പൊറുത്തു മാപ്പാക്കേണമേ. അതെല്ലാം എന്റെ പക്കലുണ്ട്. അല്ലാഹുവേ ഞാൻ മുന്തിച്ചു ചെയ്തതും പിന്തിച്ചു ചെയ്തതും രഹസ്യമായും പരസ്യമായും ചെയ്തു പോയതുമായ എന്റെ (പാപങ്ങൾ) നീ എനിക്കു പൊറുത്തു തരേണമേ. നീയാണ് മുന്തിപ്പിക്കുന്നവനും പിന്തിപ്പിക്കുന്നവനും. നീ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു.' (സ്വഹീഹു ഇബ്നുമാജ)

**8 – أَللَّهُمَّ أَنتَ رَبِّي لاَ إِلَـهَ إِلاَّ أَنْتَ خَلَقْتَنِي ،وَأَنَا عَبْدُكَ ، وَ أَنَا**

عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ ، أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ ، أَبُوءُ لَكَ بِنِعْـمَتِكَ عَلَيَّ، وَ أَ بُوءُ لَكَ بِذَنْبِي، فَاغْفِرلِي فَإِنَّهُ لاَ يَغْفِرُ الذُنُوبَ إِلاَّ أَنْتَ

അല്ലാഹുവേ, നീയാണ് എന്റെ നാഥൻ, നീയല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല. നീ എന്നെ സൃഷ്ടിച്ചു, ഞാൻ നിന്റെ ദാസനാണ്. എന്റെ കഴിവിനനുസരിച്ച് നിന്നോടുള്ള കരാറിലും വാഗ്ദത്തത്തിലുമാണ് ഞാൻ. ഞാൻ ചെയ്ത മുഴുവൻ തിന്മകളിൽ നിന്നും നിന്നോട് രക്ഷക്കുവേണ്ടി തേടുന്നു. നീ എനിക്കേകിയ അനുഗ്രഹങ്ങൾ ഞാൻ നിനക്കുമുമ്പിൽ സമ്മതിക്കുന്നു. ഞാൻ ചെയ്ത തെറ്റുകളും നിന്നോട് സമ്മതിക്കുന്നു. നീ എന്നോട് പൊറുക്കേണമേ. കാരണം, നീയല്ലാതെ മറ്റാരും പാപം പൊറുക്കുകയില്ല.

പ്രഭാത പ്രദോഷ പ്രാർത്ഥനകളിൽ നബി ﷺ പഠിപ്പിച്ച പ്രാർത്ഥനയാണിത്. സയ്യിദുൽ ഇസ്തിഗ്ഫാർ എന്നാണ് ഈ പ്രാർത്ഥന അറിയപ്പെടുന്നത്. ആരെങ്കിലും ഈ വചനങ്ങൾ ദൃഢവിശ്വാസിയായിക്കൊണ്ട് പകലിൽ ചൊല്ലി ആ ദിനം വൈകുന്നേരമാകുന്നതിന് മുമ്പ് മരണപ്പെടുന്നുവെങ്കിൽ അയാൾ സ്വർഗാവകാശിയാണ്. ദൃഢ വിശ്വാസിയായിക്കൊണ്ട് രാത്രിയിൽ ചൊല്ലി നേരം പുലരുന്നതിന് മുമ്പ് മരണപ്പെടുന്ന വ്യക്തിയും സ്വർഗ്ഗവാസികളിൽ പെട്ടവനാണെന്ന് നബി ﷺ പഠിപ്പിച്ചത് ഇമാം ബുഖാരി സ്വഹീഹിൽ റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്.

9 – اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

"അല്ലാഹുവേ, ഞാൻ എന്നോടു തന്നെ ധാരാളം അക്രമം ചെയ്തു. പാപങ്ങൾ നീയല്ലാതെ പൊറുക്കുകയില്ല. നിന്നിൽ നിന്നുള്ള പാപമോചനം നീ എനിക്കു കനിയേണമേ. നീ എനിക്കു കരുണ ചൊരിയേണമേ. നിശ്ചയം നീ പാപം പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമല്ലോ." (ബൈഹഖി)

നമസ്കാരത്തിൽ ചൊല്ലുവാൻ ഒരു ദുആഅ് നബി ﷺ യോട് അബൂ

ബകർ ﷺ ആവശ്യപെട്ടപ്പോൾ തിരുമേനി ﷺ പഠിപ്പിച്ചതാണീ ദുആ. ഇമാം ബുഖാരി ഇപ്രകാരം നിവേദനം ചെയതത് നമുക്ക് കാണാം.

10 – اللَّهُمَّ اغْفِرْ لِي ذَنْبِي كُلَّهُ ، دِقَّهُ وَجُلَّهُ ، وَأَوَّلَهُ وَآخِرَهُ ، وَعَلاَنِيَتَهُ وَسِرَّهُ.

"അല്ലാഹുവെ, എന്റെ സൂക്ഷ്മവും, വ്യക്തവും ആദ്യത്തെതും അവസാനത്തെതും രഹസ്യവും പരസ്യവുമായ എല്ലാ പാപങ്ങളും പൊറുത്ത് തരണെ" (ഹാകിം)

11 – اللَّهُمَّ طَهِّرْنِي بِالثَّلْجِ وَالْبَرَدِ وَالْمَاءِ الْبَارِدِ اللَّهُمَّ طَهِّرْنِي مِنْ الذُّنُوبِ وَالْخَطَايَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنْ الْوَسَخِ

"അല്ലാഹുവെ, മഞ്ഞു കൊണ്ടും ബർദു (തണുപ്പ്) കൊണ്ടും തണുത്ത വെള്ളം കൊണ്ടും എന്നെ നീ ശുദ്ധീകരിക്കണമേ. വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാകുന്നത് പോലെ പാപങ്ങളിൽ നിന്നും കുറ്റങ്ങളിൽ നിന്നും എന്നെ നീ ശുദ്ധീകരിക്കണമേ." (മുസ്‌ലിം)

12 – رَبِّ اغْفِرْ لِي وَتُبْ عَلَيَّ إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ

"എന്റെ രക്ഷിതാവെ, എനിക്ക് നീ പൊറുത്ത് തരേണമേ. എന്റെ പശ്ചാതാപം സ്വീകരിക്കേണമേ. നിശ്ചയമായും നീയാണ് പശ്ചാതാപം സ്വീകരിക്കുന്നവനും കരുണാനിധിയും." (ഇബ്‌നു ഹിബ്ബാൻ)

13 – اللّٰهُمَّ اغفِرْ لحيِّنا وميِّتنا، وشاهِدِنا وغائبنا، وصغيرنا وكبيرنا، وذَكَرِنا وأُنْثانا، اللّٰهُمَّ مَن أحييتَه منا فأحيِه على الإسلام، ومَن توفَّيتَه منا فتوَفَّهُ على الإيمان

'അല്ലാഹുവേ, ഞങ്ങളിൽ ജീവിച്ചിരിക്കുന്നവനും മരിച്ചവനും ഹാജറുള്ളവനും ഹാജറില്ലാത്തവനും ചെറിയവനും വലിയവനും ആണിനും

പെണ്ണിനും നീ പൊറുക്കേണമേ. അല്ലാഹുവേ, ഞങ്ങളിൽ ആരെയാണോ നീ ജീവിപ്പിക്കുന്നത് അവനെ ഇസ്‌ലാമിക ആദർശത്തിൽ നീ ജീവിപ്പിക്കേണമേ. ഞങ്ങളിൽ ആരെയാണോ നീ മരിപ്പിക്കുന്നത് അവനെ ഈമാനോടു കൂടി നീ മരിപ്പിക്കേണമേ.'

14 – اللَّهُمَّ اغْفِرْ لِي خَطَايَايَ وَذُنُوبِي كُلَّهَا، اللَّهُمَّ أَنْعِمْنِي وَأَحْيِنِي وَارْزُقْنِي، وَاهْدِنِي لِصَالِحِ الأَعْمَالِ والأَخلاَقِ، فَإِنَّهُ لاَ يَهْدِي لِصَالِحِهَا إِلاَّ أَنْتَ، وَلاَ يَصْرِفُ عَنْ سَيئِهَا إِلاَّ أَنْتَ .

"അല്ലാഹുവേ, എന്റെ എല്ലാ പാപങ്ങളും തെറ്റുകളും നീ പൊറുത്ത് തരേണമേ. അല്ലാഹുവേ, എന്നെ നീ അനുഗ്രഹിക്കേണമേ. എന്നെ നീ ജീവിപ്പിക്കുകയും എനിക്ക് ഉപജീവന മാർഗം നൽകുകയും സൽകർമ്മങ്ങളിലേക്കും സൽസ്വഭാവങ്ങളിലേക്കും നയിക്കുകയും ചെയ്യേണമേ. നിശ്ചയമായും നീയല്ലാതെ നന്മയിലേക്ക് നയിക്കാൻ മറ്റാരുമില്ല. ദുഷ്ചെയ്തികളിൽ നിന്നും ദുസ്വഭാവങ്ങളിൽ നിന്നും രക്ഷപ്പെടുത്താൻ നീയല്ലാതെ ആരുമില്ല." (ഹാകിം)

15 – اللَّهُمَّ اغْفِرْ لِي ذَنْبِي وَأَخْسِئْ شَيْطَانِي وَفُكَّ رِهَانِي

"അല്ലാഹുവെ, എന്റെ പാപം പൊറുത്ത് തരെണമേ, എന്റെ പിശാചിനെ ആട്ടിയോടിക്കേണമേ. എന്റെ പാപഭാരങ്ങളിൽ നിന്ന് എന്നെ രക്ഷപ്പെടുത്തേണമേ" (അബൂദാവൂദ്)

16 – اللَّهُمَّ إِنَّا نَعُوذُ بِكَ مِنْ أَنْ نُشْرِكَ بِكَ شَيْئًا نَعْلَمُهُ ، وَنَسْتَغْفِرُكَ لِمَا لَا نَعْلَمُهُ.

"അല്ലാഹുവേ, ഞാൻ അറിഞ്ഞുകൊണ്ട് നിന്നിൽ പങ്കുചേർക്കുന്നതിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു, ഞാനറിയാത്തതിൽ നിന്ന് നിന്നോട് ഇസ്തിഗ്ഫാറിനെ തേടുകയും ചെയ്യുന്നു." (അഹ്മദ്)

17 – اللَّهُمَّ اغْفِرْ لِي وَارْحَمْنِي، وَاهْدِنِي وَاجْبُرْنِي وَعَافِنِي وَارْزُقْنِي

### وَارْفَعْنِي

‘അല്ലാഹുവേ എനിക്ക് പൊറുത്തു തരേണമേ. എന്നോട് കരുണ കാണിക്കേണമേ. എന്നെ നേർവഴിയിലാക്കേണമേ. എന്റെ കാര്യങ്ങൾ പരിഹരിക്കേണമേ. എനിക്ക് സൗഖ്യം നൽകേണമേ. എനിക്ക് ഉപജീവനം തരേണമേ. എന്നെ ഉയർത്തേണമേ.’

ഈ പ്രാർത്ഥന രണ്ടു സുജൂദുകൾക്കിടയിലെ ഇരുത്തത്തിൽ നിർഹിക്കേണ്ട പ്രാർത്ഥനകൂടിയാണ്.

سؤال الله الهداية والرشد والثبات على الدين

# സന്മാർഗത്തിനും ദീനിൽ ഉറച്ച് നിൽക്കാനും

ഒരു മനുഷ്യന് ലഭിക്കുന്ന ഏറ്റവും വലിയ ഭാഗ്യം ഹിദായത്ത് ലഭിക്കുക എന്നുള്ളതാണ്. ലഭിച്ച ഹിദായത്ത് നഷ്ടപ്പെടുന്നതിനെക്കുറിച്ച് ആലോചിച്ച് നോക്കൂ. എത്ര ദൗർഭാഗ്യവാന്മാരാണ് അത്തരത്തിലുള്ളവർ. രാവിലെ വിശ്വാസിയായവൻ വൈകിട്ട് അവിശ്വാസിയും വൈകിട്ട് വിശ്വാസിയായവൻ രാവിലെ അവിശ്വാസിയും ആകാനുള്ള സാധ്യതകൾ തിരുദൂതരുടെ വചനങ്ങളിൽ നമുക്ക് കാണാം. അതുകൊണ്ട് തന്നെ ലഭിച്ച മഹത്തായ അനുഗ്രഹം നിലനിൽക്കാൻ നാം നിരന്തരം പ്രാർത്ഥിക്കണം. ഒരു വിശ്വാസി ഒരു ദിവസം നിർബന്ധമായും പതിനേഴ് തവണ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണ് ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല. (അൽ-ഫാത്തിഹ: 6-7) എന്നത്.

അത്തരത്തിൽ സന്മാർഗത്തിനും ദീനിൽ ഉറച്ച് നിൽക്കാനും നാം പഠിക്കേണ്ട ചില പ്രാർത്ഥനകളാണ് ഈ അദ്ധ്യായത്തിൽ വിശദീക

രിക്കുന്നത്.

1 – اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالتُّقَى وَالْعَفَافَ وَالْغِنَى

അല്ലാഹുവേ, ഞാൻ നിന്നോട് സന്മാർഗവും ഭക്തിയും പാപമോചനവും ഐശ്വര്യവും ചോദിക്കുന്നു. (തിർമിദി)

2 – اللَّهُمَّ إِنِّي أَسْأَلُكَ الهُدَى وَالسَّدَادَ

അല്ലാഹുവേ, ഞാൻ നിന്നോട് ഹുദയും (നേർമാർഗം) സദാദും (ലക്ഷ്യപ്രാപ്തിയും) തേടുന്നു. (ഇബ്നുഹിബ്ബാൻ)

3 – اللَّهُمَّ إِنِّي أَسْتَهْدِيكَ لأَرْشَدِ أَمْرِي، وَأَعُوذُ بِكَ مِنْ شَرِّ نَفْسِي

"അല്ലാഹുവേ, എന്റെ കാര്യങ്ങളിൽ എനിക്ക് നീ വഴി കാണിക്കേണമേ, എന്റെ മനസ്സിന്റെ തിന്മകളിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു." (ത്വബ്റാനി)

4 – اللَّهُمَّ اهْدِنِي فِيمَنْ هَدَيْتَ ، وَعَافِنِي فِيمَنْ عَافَيْتَ ، وَتَوَلَّنِي فِيمَنْ تَوَلَّيْتَ ، وَبَارِكْ لِي فِيمَا أَعْطَيْتَ ، وَقِنِي شَرَّ مَا قَضَيْتَ ، إِنَّكَ تَقْضِي وَلا يُقْضَى عَلَيْكَ ، إِنَّهُ لا يَذِلُّ مَنْ وَالَيْتَ ، وَلا يَعِزُّ مَنْ عَادَيْتَ ، تَبَارَكْتَ وَتَعَالَيْتَ

"അല്ലാഹുവേ! നീ ഹിദായതിൽ (സന്മാർഗത്തിൽ) ആക്കിയവരിൽ (ഉൾപ്പെടുത്തി) എന്നെയും നീ ഹിദായതിൽ ആക്കേണമേ! നീ സൗഖ്യം നൽകിയവരിൽ എനിക്കും സൗഖ്യം നൽകേണമേ! നീ കാര്യങ്ങൾ ഏറ്റെടുത്തവരിൽ (ഉൾപ്പെടുത്തി) എന്റെ കാര്യങ്ങളും നീ ഏറ്റെടുക്കേണമേ! നീ എനിക്ക് നൽകിയതിൽ ബറകത് (അനുഗ്രഹം) ചൊരിയേണമേ! നീ വിധിച്ച ദോഷങ്ങളിൽ നിന്ന് എന്നെ നീ രക്ഷിക്കേണമേ! നീയാണ് വിധിക്കുന്നവൻ; നിനക്കെതിരെ വിധിക്കപ്പെടുകയില്ല. നീ (കാര്യങ്ങൾ) ഏറ്റെടുത്തവർ അപമാനിതരാവുകയില്ല. (നീ

ശത്രുത സ്വീകരിച്ചവൻ പ്രതാപം നേടുകയില്ല.) ഞങ്ങളുടെ റബ്ബായ നീ പരിശുദ്ധനും അനുഗ്രഹസമ്പൂർണ്ണനും ഉന്നതനുമായിരിക്കുന്നു." (ഇബ്നുമാജ: 1178, തിർമിദി: 464, അബൂദാവൂദ്: 1427, നസാഈ: 1745, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി)

**5 – اللَّهُمَّ اجْعَلْ فِي قَلْبِي نُورًا وَفِي بَصَرِي نُورًا وَفِي سَمْعِي نُورًا وَعَنْ يَمِينِي نُورًا وَعَنْ يَسَارِي نُورًا وَفَوْقِي نُورًا وَتَحْتِي نُورًا وَأَمَامِي نُورًا وَخَلْفِي نُورًا وَاجْعَلْ لِي نُورًا**

"അല്ലാഹുവേ, നീ എന്റെ ഹൃദയത്തിലും നാവിലും കേൾവിയിലും കാഴ്ചയിലും ഇടതും വലതും മുകളിലും താഴെയും പ്രകാശമാക്കേണമേ. നീ എനിക്ക് വെളിച്ചമേകേണമേ." (ശറഹുസ്സുന്നഃ ബഗവി)

നബി ﷺ ബാങ്കു വിളികേട്ട് പള്ളിയിലേക്ക് പുറപ്പെട്ടപ്പോൾ മുകളിലെ ദുആ ചൊല്ലിയതായി ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്.

**6 – رَبَّنَا آتِنَا مِنْ لَدُنْكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا**

"ഞങ്ങളുടെ റബ്ബേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാം വണ്ണം നിർവഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ." (അൽ കഹ്ഫ്: 10)

ആദർശ സംരക്ഷണാർത്ഥം നാടും വീടും വിട്ട് പാലായനം ചെയ്ത് ഗുഹയിൽ അഭയം കണ്ടെത്തിയ ഒരു സംഘം യുവാക്കൾ (അസ്ഹാബുൽകഹ്ഫ്) നിർവ്വഹിച്ച ദുആയാണ് മുകളിൽ കൊടുത്തത്. (ബൈഹഖി)

**7 – رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَدُنْكَ رَحْمَةً إِنَّكَ أَنْتَ الْوَهَّابُ۝ رَبَّنَا إِنَّكَ جَامِعُ النَّاسِ لِيَوْمٍ لَّا رَيْبَ فِيهِ إِنَّ اللَّـهَ لَا يُخْلِفُ الْمِيعَادَ**

ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു. ഞങ്ങളുടെ നാഥാ, തീർച്ചയായും നീ ജനങ്ങളെയെല്ലാം ഒരു ദിവസം ഒരുമിച്ചുകൂട്ടുന്നതാകുന്നു. അതിൽ യാതൊരു സംശയവുമില്ല. നിശ്ചയം അല്ലാഹു വാഗ്ദാനം ലംഘിക്കുന്നതല്ല. (ആലുഇംറാൻ: 8-9)

**8 – يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ**

'ഹൃദയങ്ങൾ മാറ്റിമറിക്കുന്നവനേ, നീ എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിക്കേണമേ'

**9 – «اللَّهُمَّ مُصَرِّفَ الْقُلُوبِ ، صَرِّفْ قُلُوبَنَا عَلَى طَاعَتِكَ»**

'ഹൃദയങ്ങൾ മാറ്റിമറിക്കുന്നവനേ, നീ എന്റെ ഹൃദയത്തെ നിനക്കുള്ള അനുസരണത്തിൽ ഉറപ്പിക്കേണമേ' (നസാഈ)

**10 – اللَّهُمَّ لَكَ أَسْلَمْتُ وَبِكَ آمَنْتُ وَعَلَيْكَ تَوَكَّلْتُ وَإِلَيْكَ أَنَبْتُ وَبِكَ خَاصَمْتُ اللَّهُمَّ إِنِّي أَعُوذُ بِعِزَّتِكَ لَا إِلَهَ إِلَّا أَنْتَ أَنْ تُضِلَّنِي أَنْتَ الْحَيُّ الَّذِي لَا يَمُوتُ وَالْجِنُّ وَالْإِنْسُ يَمُوتُونَ**

"അല്ലാഹുവേ, നിനക്ക് ഞാൻ കീഴ്പ്പെട്ടു. നിന്നിൽ ഞാൻ വിശ്വസിച്ചു. നിന്നിൽ ഞാൻ ഭരമേൽപ്പിച്ചു. നിന്നിലേക്ക് ഞാൻ മടങ്ങി. നിനക്ക് വേണ്ടി ഞാൻ തർക്കിച്ചു. അല്ലാഹുവേ, എന്നെ വഴി പിഴപ്പിക്കുന്നതിൽ നിന്ന് നിന്റെ പ്രതാപം കൊണ്ട് ഞാൻ രക്ഷ ചോദിക്കുന്നു. നീയല്ലാതെ ആരാധ്യനില്ല. നീ എന്നെന്നും മരിക്കാതെ ജീവിച്ചിരിക്കുന്നവനാണ്. ജിന്നുകളും മനുഷ്യരും മരിക്കുന്നവരാണ്." (മുസ്‌ലിം)

**11 – اللَّهُمَّ إِنِّي أَسْأَلُكَ الثَّبَاتَ فِي الْأَمْرِ، وَالْعَزِيمَةَ عَلَى الرُّشْدِ، وَأَسْأَلُكَ مُوجِبَاتِ رَحْمَتِكَ، وَعَزَائِمَ مَغْفِرَتِكَ، وَأَسْأَلُكَ شُكْرَ نِعْمَتِكَ،**

وَحُسْنَ عِبَادَتِكَ

“അല്ലാഹുവേ, കാര്യങ്ങളിൽ സ്ഥൈര്യവും വിവേകത്തിൽ മനക്കരുത്തും (ശരിയായ കാര്യത്തിൽ ഉറച്ച് നിൽക്കാനുള്ള കഴിവ്) ഞാൻ നിന്നോട് ചോദിക്കുന്നു. നിന്റെ കാരുണ്യവും പാപമോചനവും ഉറപ്പായും ലഭിക്കുന്ന മാർഗങ്ങൾ ഞാൻ നിന്നോട് ചോദിക്കുന്നു. നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനും നിനക്ക് നന്നായി ആരാധനകൾ ചെയ്യാനുമുള്ള (കഴിവ്) ഞാൻ നിന്നോട് ചോദിക്കുന്നു.” (അഹ്മദ്)

**12 –** اللَّهُمَّ إِنِّى أَعُوذُ بِكَ أَنْ أَضِلَّ أَوْ أُضَلَّ ، أَوْ أَزِلَّ أَوْ أُزَلَّ ، أَوْ أَظْلِمَ أَوْ أُظْلَمَ ، أَوْ أَجْهَلَ أَوْ يُجْهَلَ عَلَيَّ.

“അല്ലാഹുവേ, ഞാൻ വഴിപിഴക്കുന്നതിൽ നിന്നും വഴിപിഴപ്പിക്കപ്പെടുന്നതിൽ നിന്നും വ്യതിചലിക്കുന്നതിൽ നിന്നും വ്യതിചലിപ്പിക്കപ്പെടുന്നതിൽനിന്നും അക്രമിക്കുന്നതിൽനിന്നും അക്രമിക്കപ്പെടുന്നതിൽ നിന്നും അവിവേകം പ്രവൃത്തിക്കുന്നതിൽ നിന്നും എന്നോട് അവിവേകം കാണിക്കപ്പെടുന്നതിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു.” (അബൂദാവൂദ്)

## سؤال الله خير الدنيا والآخرة

# ദുനിയാവിലെയും പരലോകത്തെയും നന്മകൾക്കായ്

നമ്മുടെ ജീവിത ലക്ഷ്യം പരലോക വിജയമാണ്, എന്നാൽ ദുനിയാവിനെ മറന്ന് കളയുകയും വേണ്ട എന്ന് അല്ലാഹു തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇരു ലോകത്തും നന്മക്ക് വേണ്ടി പ്രാർത്ഥിക്കാനാണ് നബി ﷺ നമ്മെ പഠിപ്പിച്ചിരിക്കുന്നത്. അത്തരത്തിലുള്ള പ്രാർത്ഥനകളാണ് ഈ അദ്ധ്യായത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നത്.

1 – رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്ന്." (ബഖറ: 201)

2 – اللَّهُمَّ إِنِّي أَسْأَلُكَ مِنَ الْخَيْرِ كُلِّهِ عَاجِلِهِ وَآجِلِهِ مَا عَلِمْتُ مِنْهُ

وَمَا لَمْ أَعْلَمْ وَأَعُوذُ بِكَ مِنَ الشَّرِّ كُلِّهِ عَاجِلِهِ وَآجِلِهِ مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ اللَّهُمَّ إِنِّي أَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ عَبْدُكَ وَنَبِيُّكَ وَأَعُوذُ بِكَ مِنْ شَرِّ مَا عَاذَ بِهِ عَبْدُكَ وَنَبِيُّكَ اللَّهُمَّ إِنِّي أَسْأَلُكَ الْجَنَّةَ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ وَأَعُوذُ بِكَ مِنَ النَّارِ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ وَأَسْأَلُكَ أَنْ تَجْعَلَ كُلَّ قَضَاءٍ قَضَيْتَهُ لِي خَيْرًا

"അല്ലാഹുവേ, ദുനിയാവിലെയും ആഖിറത്തിലെയും, ഞാൻ അറിഞ്ഞതും അറിയാത്തതുമായ മുഴുവൻ നന്മകളും നിന്നോട് ഞാൻ തേടുന്നു. അല്ലാഹുവേ, ദുനിയാവിലെയും ആഖിറത്തിലേയും, ഞാൻ അറിഞ്ഞതും അറിയാത്തതുമായ മുഴുവൻ തിന്മകളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. അല്ലാഹുവേ, നിന്റെ ദാസനും നബിയുമായ (മുഹമ്മദ് ﷺ) നിന്നോട് തേടിയ നന്മകൾ നിന്നോട് ഞാൻ തേടുന്നു. നിന്റെ ദാസനും നബിയുമായ (മുഹമ്മദ് ﷺ) നിന്നിൽ അഭയം തേടിയ തിന്മകളിൽനിന്ന് നിന്നിൽ ഞാൻ അഭയം തേടുന്നു. അല്ലാഹുവേ, സ്വർഗവും സ്വർഗത്തിലേക്ക് അടുപ്പിക്കുന്ന വാക്കുകളും പ്രവൃത്തികളും ഞാൻ നിന്നോട് തേടുന്നു. നരകത്തിൽനിന്നും നരകത്തിലേക്ക് അടുപ്പിക്കുന്ന വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു. നീ വിധിച്ച എല്ലാ വിധിയും എനിക്കു നന്മയാക്കുവാൻ ഞാൻ നിന്നോട് തേടുന്നു." (ഇബ്നുമാജ)

3 – «اللَّهُمَّ اغْفِرْ لِي ذَنْبِي، وَوَسِّعْ لِي فِي دَارِي، وَبَارِكْ لِي فِيمَا رَزَقْتَنِي»

അല്ലാഹുവേ, എന്റെ പാപം പൊറുത്ത് തരേണമേ, എന്റെ വീട് വിശാലമാക്കേണമേ, എനിക്ക് നീ നൽകിയതിൽ അനുഗ്രഹം ചൊരിയെണമേ. (അഹ്മദ്)

4 – اللَّهُمَّ انْفَعْنِي بِمَا عَلَّمْتَنِي ، وَعَلِّمْنِي مَا يَنْفَعُنِي ، وَزِدْنِي عِلْمًا ،

"അല്ലാഹുവേ, നീ എന്നെ പഠിപ്പിച്ചത് കൊണ്ട് എനിക്ക് ഉപകാരം നൽകേണമേ, എനിക്ക് ഉപകാരമുള്ളത് നീ എന്നെ പഠിപ്പിക്കേണമേ, എനിക്ക് അറിവ് വർദ്ധിപ്പിക്കേണമേ." (ഇബ്നുമാജ)

5 – (اللَّهُمَّ) فَاطِرَ السَّمَاوَاتِ وَالْأَرْضِ أَنْتَ وَلِيِّي فِي الدُّنْيَا وَالْآخِرَةِ تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِالصَّالِحِينَ

ആകാശ ഭൂമികളുടെ സ്രഷ്ടവായ അല്ലാഹുവേ, ഈ ലോകത്തെയും പരലോകത്തെയും എന്റെ രക്ഷാധികാരി നീയാണ്. എന്നെ മുസ്‌ലിമായി മരിപ്പിക്കുകയും സദ്‌വൃത്തരോടൊപ്പം ചേർക്കുകയും ചെയ്യേണമേ. (സൂറത്ത് യൂസുഫ്: 10)

6 – اَللَّهُمَّ أَعِنَّا عَلَى شُكْرِكَ، وَذِكْرِكَ، وَحُسْنِ عِبادتِكَ

"അല്ലാഹുവേ, നിനക്ക് നന്ദി കാണിക്കാനും നിന്നെ ഓർക്കാനും നന്നായി ആരാധനകൾ ചെയ്യാനും ഞങ്ങളെ നീ സഹായിക്കേണമേ". (അഹ്മദ്)

7 – اَللَّهُمَّ أَحْسَنْتَ خَلْقِي، فَأَحْسِنْ خُلُقِي

"അല്ലാഹുവേ, നീ എന്റെ സൃഷ്ടിപ്പ് നന്നാക്കിയിരിക്കുന്നു. അതിനാൽ എന്റെ സ്വഭാവം നന്നാക്കേണമേ." (അഹ്മദ്)

8 – اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ وَرَحْمَتِكَ، فَإِنَّهُ لا يَمْلِكُهَا إِلا أَنْتَ

"അല്ലാഹുവേ, ഞാൻ നിന്റെ കാരുണ്യവും ഔദാര്യവും ചോദിക്കുന്നു. തീർച്ചയായും നീയല്ലാതെ അവ ഉടമപ്പെടുത്തുന്നില്ല." (ത്വബ്റാനി)

9 – رَبِّ اشْرَحْ لِي صَدْرِي. وَيَسِّرْ لِي أَمْرِي.

"രക്ഷിതാവെ, എന്റെ ഹൃദയം വിശാലമാക്കേണമേ, എന്റെ കാര്യങ്ങൾ എളുപ്പമാക്കേണമേ." (ത്വാഹ: 25-26)

10 – رَبَّنَا آمَنَّا فَاكْتُبْنَا مَعَ الشَّاهِدِين

ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളെ സാക്ഷികളോടൊപ്പം രേഖപ്പെടുത്തേണമേ. (ആലു ഇംറാൻ: 53)

**11 – رَبِّ زِدْنِي عِلْمًا**

“രക്ഷിതാവെ, എനിക്ക് നീ അറിവ് വർദ്ധിപ്പിച്ച് തരേണമേ.” (ത്വാഹ: 114)

**12 – اللَّهُمَّ إِنِّى أَسْأَلُكَ فِعْلَ الْخَيْرَاتِ وَتَرْكَ الْمُنْكَرَاتِ وَحُبَّ الْمَسَاكِينِ وَأَنْ تَغْفِرَ لِى وَتَرْحَمَنِى وَإِذَا أَرَدْتَ فِتْنَةَ قَوْمٍ فَتَوَفَّنِى غَيْرَ مَفْتُونٍ أَسْأَلُكَ حُبَّكَ وَحُبَّ مَنْ يُحِبُّكَ وَحُبَّ عَمَلٍ يُقَرِّبُ إِلَى حُبِّكَ**

‘അല്ലാഹുവേ, നന്മകൾ പ്രവർത്തിക്കലും തിന്മകൾ വെടിയലും സാധുക്കളോടുള്ള സ്നേഹവും ഞാൻ നിന്നോട് യാചിക്കുന്നു. നീ എന്നോടു പൊറുക്കുവാനും കരുണ കാണിക്കുവാനും (ഞാൻ നിന്നോടു തേടുന്നു.) ജനങ്ങളിൽ നീ വല്ല പരീക്ഷണവും ഉദ്ദേശിക്കുകയാണെങ്കിൽ പരീക്ഷണത്തിനു വിധേയനാക്കപ്പെടാത്തവിധം നീ എന്നെ (മരണത്തിലൂടെ) പിടികൂടേണമേ. നിന്റെ സ്നേഹവും നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹവും നിന്റെ സ്നേഹത്തിലേക്ക് അടുപ്പിക്കുന്ന കർമ്മത്തോടുള്ള സ്നേഹവും ഞാൻ നിന്നോടു തേടുന്നു’ (തിർമിദി)

الدعاء للوالدين والأهل والذرية

# മാതാപിതാക്കൾക്കും മക്കൾക്കും കുടുംബത്തിനും

അല്ലാഹു തട്ടിക്കളയാത്ത ചില പ്രാർത്ഥനകൾ നബി ﷺ പഠിപ്പിച്ച് തന്നിട്ടുണ്ട്. മാതാപിതാക്കൾ മക്കൾക്ക് അനുകൂലമായും പ്രതികൂലമായും പ്രാർത്ഥിച്ചാൽ, മക്കൾ മാതാപിതാക്കളുടെ നന്മക്ക് വേണ്ടി പ്രാർത്ഥിച്ചാൽ അല്ലാഹു ആ പ്രാർത്ഥനകൾ സ്വീകരിക്കുമെന്ന് നബി ﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. മാതാപിതാക്കൾക്ക് വേണ്ടിയും മക്കൾക്കും കുടുംബത്തിനും വേണ്ടിയും പ്രാർത്ഥനകൾ നിർവഹിക്കുക എന്നത് നമ്മുടെ കടമയാണ്. ക്വുർആനിലും ഹദീസിലും ഈ വിഷയത്തിൽ ധാരാളം പ്രാർത്ഥനകൾ കാണാം. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1 – رَبِّ اغْفِرْ لِي وَلِوَالِدَيَّ وَلِمَنْ دَخَلَ بَيْتِيَ مُؤْمِنًا وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ

“എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യ വിശ്വാസിനികൾക്കും നീ പൊറുത്തുതരേണമേ.” (നൂഹ്: 28)

**2 – «رَبِّ ارْحَمْهُمَا كَمَا رَبَّيَانِي صَغِيرًا»**

“എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ” (ഇസ്റാഅ്: 24)

**3 – رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا**

“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്ത തികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മ നിഷ്ഠപാലിക്കുന്ന വർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേ ണമേ.” (അൽ-ഫുർഖാൻ: 74)

**4 – قَالَ رَبِّ هَبْ لِي مِنْ لَدُنْكَ ذُرِّيَّةً طَيِّبَةً إِنَّكَ سَمِيعُ الدُّعَاءِ.**

“അദ്ദേഹം (സകരിയ്യ നബി ﷺ) തന്റെ റബ്ബിനോട് പ്രാർത്ഥിച്ചു: എന്റെ റബ്ബേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താ നത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാ ണല്ലോ എന്ന് അദ്ദേഹം പറഞ്ഞു.” (ആലുഇംറാൻ: 38)

**5 – رَبِّ اجْعَلْنِي مُقِيمَ الصَّلَاةِ وَمِنْ ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءِ.**

എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവ ഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്ര കാരം ആക്കേണമേ) ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ. (സൂറ ഇബ്റാഹീം: 40)

**6 – رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ**

وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَصْلِحْ لِي فِي ذُرِّيَّتِي إِنِّي تُبْتُ إِلَيْكَ وَإِنِّي مِنَ الْمُسْلِمِينَ.

“എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.” (അൽ-അഹ്ഖാഫ് 15)

## سؤال الله صلاح الدين وصلاح الآخرة

# പരലോകവും ദീനും നന്നാവാൻ

പരലോകത്ത് വിജയിക്കണമെങ്കിൽ ഇഹലോക ജീവിതത്തിൽ ദീൻ അനുസരിച്ച് ജീവിക്കണം. നമ്മുടെ ഇഹലോക ജീവിതം സമാധാനം നിറഞ്ഞതാവാൻ ദീൻ നമ്മുടെ ജീവിതത്തിലുണ്ടായാൽ മതി. അതു കൊണ്ട് തന്നെയാണ് പരലോകവും ദീനും നന്നാവാൻ നബി ﷺ ധാരാളം പ്രാർത്ഥനകൾ നമ്മെ പഠിപ്പിച്ചത്.

1 – اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي وَاجْعَلْ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ وَاجْعَلْ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ

"എന്റെ കാരുണ്യത്തിന് സുരക്ഷിതത്വം നൽകുന്ന എന്റെ ദീനിനെ നീ നന്നാക്കണമേ, എന്റെ ജീവിതം നിലനിൽക്കുന്ന എന്റെ ദുനിയാവിനെയും നീ നന്നാക്കണമേ, എനിക്ക് മടങ്ങിച്ചെല്ലാനുള്ള എന്റെ പരലോകത്തെയും നീ നന്നാക്കണമേ, എന്റെ ജീവിതത്തെ എനിക്ക് നന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ ആക്കി തീർക്കേണമേ. മരണത്തെ

നീ എനിക്ക് എല്ലാ നാശങ്ങളിൽ നിന്നുമുള്ള ആശ്വാസമാക്കി തീർക്കേണമേ." (മുസ്‌ലിം)

2 – اللَّهُمَّ بِعِلْمِكَ الْغَيْبَ وَقُدْرَتِكَ عَلَى الْخَلْقِ أَحْيِنِي مَا عَلِمْتَ الْحَيَاةَ خَيْرًا لِي وَتَوَفَّنِي إِذَا عَلِمْتَ الْوَفَاةَ خَيْرًا لِي

"അല്ലാഹുവേ, നിന്റെ അദൃശ്യജ്ഞാനം കൊണ്ടും സൃഷ്ടികളുടെ മേലുള്ള നിന്റെ കഴിവ് കൊണ്ടും എനിക്ക് ജീവിതം നന്മയാകുന്ന കാലത്തോളം കാലം എന്നെ ജീവിപ്പിക്കേണമേ, മരണമാണ് എനിക്ക് നല്ലതെന്ന് നീ അറിയുന്നുവെങ്കിൽ എന്നെ മരിപ്പിക്കേണമേ." (സ്വഹീഹ് ഇബ്നുഹിബ്ബാൻ)

3 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ ضِيقِ الدُّنْيَا وَضِيقِ يَوْمِ الْقِيَامَةِ

"അല്ലാഹുവേ, ഇഹലോകത്തെയും അന്ത്യദിനത്തിലെയും ഞെരുക്കത്തിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു." (അബൂദാവൂദ്)

4 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ قَلْبٍ لَا يَخْشَعُ وَمِنْ نَفْسٍ لَا تَشْبَعُ وَعِلْمٍ لَا يَنْفَعُ وَدَعْوَةٍ لَا يُسْتَجَابُ لَهَا

"അല്ലാഹുവെ, ഭക്തിയില്ലാത്ത മനസ്സിൽ നിന്നും സ്വീകരിക്കപ്പെടാത്ത പ്രാർത്ഥനകളിൽ നിന്നും ആർത്തിയടങ്ങാത്ത മനസ്സിൽ നിന്നും ഉപകാരമില്ലാത്ത അറിവിൽ നിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു." (നസാഈ)

5 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا عَمِلْتُ وَمِنْ شَرِّ مَا لَمْ أَعْمَلْ

അല്ലാഹുവേ, ഞാൻ ചെയ്തതിന്റെ തിന്മയിൽ നിന്നും ഞാൻ ചെയ്തിട്ടില്ലാത്തതിന്റെ തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു. (അബൂദാവൂദ്)

6 – وَلَا تُخْزِنَا يَوْمَ الْقِيَامَةِ

"ഞങ്ങളെ അന്ത്യദിനത്തിൽ നീ നിന്ദ്യരാക്കരുതേ," (ആലുഇം റാൻ: 194)

7 – اللّٰهُمَّ افتَحْ لي أبوابَ رحمتك

"അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് വേണ്ടി നീ തുറക്കേണമേ." (മുസ്‌ലിം)

8 – اَللَّهُمَّ اِجْعَلْنِي مِنْ اَلتَّوَّابِينَ, وَاجْعَلْنِي مِنْ اَلْمُتَطَهِّرِينَ

"അല്ലാഹുവേ, എന്നെ നീ പശ്ചതപിക്കുന്നവരിൽ ഉൾപ്പെടുത്തേ ണമേ, ശുദ്ധി പാലിക്കുന്നവരിലും ഉൾപ്പെടുത്തേണമേ." (തിർമിദി)

9 – اللَّهُمَّ فَاطِرَ السَّمَوَاتِ وَالأَرْضِ عَالِمَ الْغَيْبِ وَالشَّهَادَةِ رَبَّ كُلِّ شَيْءٍ وَمَلِيكَهُ أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ أَعُوذُ بِكَ مِنْ شَرِّ نَفْسِي وَشَرِّ الشَّيْطَانِ وَشِرْكِهِ، وَأَنْ أَقْتَرِفَ عَلَى نَفْسِي سُوءًا أَوْ أَجُرَّهُ إِلَى مُسْلِمٍ

"ആകാശങ്ങളും ഭൂമിയും ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ചവനായ, ദൃശ്യവും അദൃശ്യവും അറിയുന്നവനായ, എല്ലാ വസ്തുക്കളുടേയും രക്ഷിതാവും അധിപനുമായ അല്ലാഹുവേ, യഥാർത്ഥ ആരാധ്യനാ യി നീയല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ ശരീരത്തിന്റെ തിന്മകളിൽ നിന്നും പിശാചിന്റെ കെടുതികളിൽനി ന്നും അല്ലാഹുവിൽ പങ്കുചേർക്കുവാൻ അവൻ ക്ഷണിക്കുന്ന കാ ര്യങ്ങളിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഞാൻ എന്നോട് തന്നെ തിന്മ ചെയ്യുന്നതിൽ നിന്നും അത് ഒരു മുസ്‌ലിമിലേക്ക് കൊ ണ്ടുവരുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു." (തിർമിദി)

سؤال الله صلاح الدنيا وصلاح الحال

# ദുനിയാവും ദുനിയാവിലെ അവസ്ഥകളും നന്നാവാൻ

**1 – اللَّهُمَّ كْفِنِي بِحَلَالِكَ عَنْ حَرَامِكَ وَأَغْنِنِي بِفَضْلِكَ عَمَّنْ سِوَاكَ**

"അല്ലാഹുവേ, നിന്റെ ഹറാമിൽ നിന്ന് നിന്റെ ഹലാലിൽ നീ എനിക്ക് മതി വരുത്തെണമേ, നിന്റെ ഔദാര്യം കൊണ്ട് നീ അല്ലാത്തവരിൽ നിന്ന് നീ എനിക്ക് ധന്യത നൽകെണമേ." (തിർമിദി)

**കുറിപ്പ്**: അലിയ്യി ﷺ വിനെ അല്ലാഹുവിന്റെ റസൂൽ ﷺ പഠിപ്പിച്ച വചനങ്ങളാണ് മുകളിലെ ദുആ. ഒരു പർവ്വതത്തോളം കടം ഉണ്ടെങ്കിലും ഇവ കൊണ്ടു ദുആ ചെയ്താൽ അല്ലാഹു അത് വീട്ടിത്തരുമെന്ന് അലിയ്യ് ﷺ പറയുമായിരുന്നു എന്ന് സുനനുത്തിർമിദിയിലുണ്ട്. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചു.

**2 – اللَّهُمَّ إِنِّي عَبْدُكَ وَابْنُ عَبْدِكَ وَابْنُ أَمَتِكَ نَاصِيَتِي بِيَدِكَ مَاضٍ**

فِيَّ حُكْمُكَ عَدْلٌ فِيَّ قَضَاؤُكَ أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ أَوْ عَلَّمْتَهُ أَحَداً مِنْ خَلْقِكَ أَوْ أَنْزَلْتَهُ فِي كِتَابِكَ أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي وَنُورَ صَدْرِي وَجَلاَءَ حُزْنِي وَذَهَابَ هَمِّي

"അല്ലാഹുവേ, നിശ്ചയം ഞാൻ നിന്റെ ദാസനാണ്. നിന്റെ ദാസന്റെ പുത്രനാണ്. നിന്റെ ദാസിയുടെ പുത്രനാണ്. എന്റെ മൂർദ്ധാവ് നിന്റെ കയ്യിലാണ്. നിന്റെ തീരുമാനം എന്നിൽ നടപ്പിലാകുന്നതാണ്. നിന്റെ വിധി എന്നിൽ നീതിപൂർവ്വകമാണ്. നീ നിന്റെ നഫ്സിന് പേരുവെച്ച, നിന്റെ സൃഷ്ടികളിൽ ഒരാളെ പഠിപ്പിച്ച, നിന്റെ ഗ്രന്ഥത്തിൽ നീ അവതരിപ്പിച്ച, നിന്റെയടുക്കൽ അദൃശ്യജ്ഞാനത്തിൽ നീ നിനക്ക് പ്രത്യേകമാക്കിയ നിനക്കുള്ള എല്ലാ പേരുകളും മുൻ നിർത്തി ഞാൻ നിന്നോട് തേടുന്നു; ക്വുർആനിനെ എന്റെ ഹൃദയത്തിന്റെ വസന്തവും നെഞ്ചകത്തിന്റെ പ്രകാശവും ദുഃഖത്തെ നീക്കുന്നതും മനോവ്യഥ പോക്കുന്നതും ആക്കേണമേ." ഇബ്നു ഹിബ്ബാൻ)

**കുറിപ്പ് :**

മുകളിൽ പറഞ്ഞ ദുആ ചെയ്താൽ ദുഃഖവും വ്യഥയുമുള്ളവന്റെ ദുഃഖവും വ്യഥയും പോകുമെന്നും സന്തോഷം വരുമെന്നും ഹദീഥുണ്ട്.

3 – اللَّهُمَّ رَبَّ السَّمَوَاتِ السَّبْعِ وَرَبَّ الْعَرْشِ الْعَظِيمِ رَبَّنَا وَرَبَّ كُلِّ شَيْءٍ مُنْزِلَ التَّوْرَاةِ وَالإِنْجِيلِ وَالْقُرْآنِ فَالِقَ الْحَبِّ وَالنَّوَى أَعُوذُ بِكَ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ أَنْتَ الأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ، وَأَنْتَ الآخِرُ فَلَيْسَ بَعْدَكَ شَيْءٌ، وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌاقْضِ عَنِّي الدَّيْنَ وَأَغْنِنِي

مِنَ الفَقْرِ

“ഏഴ് വാനങ്ങളുടേയും മഹത്തായ സിംഹാസനത്തിന്റെയും ഞങ്ങളുടേയും എല്ലാ വസ്തുക്കളുടേയും നാഥനായ, തൗറാത്തും ഇഞ്ചീലും ഫുർകാനും അവതരിപ്പിച്ചവനായ വിത്തും ധാന്യവും മുളപ്പിച്ചവനുമായ, അല്ലാഹുവേ, നിന്റെ പിടുത്തത്തിലുള്ളതായ എല്ലാ വസ്തുക്കളുടേയും തിന്മയിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. അല്ലാഹുവേ, നീയാകുന്നു (അൽ-അവ്വൽ) നിനക്ക് മുമ്പ് യാതൊന്നുമില്ല. നീയാകുന്നു (അൽആഖിർ) നിനക്ക് ശേഷം യാതൊന്നുമില്ല. നീയാകുന്നു (അളള്വാഹിർ) നിനക്കുമീതെ യാതൊന്നുമില്ല. നീയാകുന്നു (അൽബാത്വിൻ) നിന്റെ (അറിവു)കൂടാതെ യാതൊന്നുമില്ല. നീ എന്റെ കടം വീട്ടേണമേ. ദാരിദ്ര്യത്തിൽനിന്ന് കരകയറ്റി എന്നെ ധന്യനാക്കേണമേ.” (തിർമിദി)

**കുറിപ്പ്**

തന്റെ വീട്ടിലേക്ക് ഒരു ജോലിക്കാരിയെ ചോദിച്ച് വന്ന മകൾ ഫാത്വിമ ﵂യോട് അല്ലാഹുവിന്റെ റസൂൽ ഈ പ്രാർത്ഥന നിർവഹിക്കാൻ പറഞ്ഞത് ഇമാം തിർമിദി ഉദ്ധരിക്കുന്ന ഹദീസിൽ കാണാം.

4 – اللَّهُمَّ لاَ سَهْلَ إِلاَّ مَا جَعَلْتَهُ سَهْلاً، وَأَنْتَ تَجْعَلُ الْحَزْنَ إِذَا شِئْتَ سَهْلاً

“അല്ലാഹുവേ, നീ എളുപ്പമാക്കിയതല്ലാതെ ഒരു എളുപ്പവുമില്ല. ദുഖത്തെപ്പോലും നീ ഉദ്ദേശിച്ചാൽ നീ എളുപ്പമാക്കുന്നു.” ഇബ്നു ഹിബ്ബാൻ)

5 – يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ أَصْلِحْ لِي شَأْنِي كُلَّهُ وَلاَ تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ

എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായ അല്ലാഹുവേ, നിന്റെ കാരുണ്യം കൊണ്ട് നിന്നോട് ഞാൻ സഹായം അർത്ഥിക്കുന്നു. എന്റെ എല്ലാ കാര്യങ്ങളും എനിക്ക് നീ നന്നാക്കി

തരേണ മേ. കണ്ണിമ വെട്ടുന്ന നേരമെങ്കിലും എന്റെ കാര്യം നീ എന്നി ലേക്ക് ഏൽപ്പിക്കരുതേ.'

### 6 – اَللَّهُمَّ إِنِّي أَسْأَلُك مِنْ فَضْلِكَ

"അല്ലാഹുവേ നിന്റെ ഔദാര്യത്തിൽ നിന്ന് ഞാൻ നിന്നോട് തേ ടുന്നു." (പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ നിർവഹിക്കേണ്ട ദു ആയാണിത്) (ബൈഹഖി)

## سؤال الله العفو والعافية

# വിട്ടു വീഴ്ച്ചക്കും സൗഖ്യത്തിനും

ഒരു മനുഷ്യന് ലഭിക്കുന്ന ഏറ്റവും വലിയ സൗഭാഗ്യം ഹിദായത്തും (സന്മാർഗവും) ആഫിയത്തും (ആരോഗ്യവും) ആണ്. ഇവ നില നിൽക്കാൻ എപ്പോഴും പ്രാർത്ഥിക്കണം. വിട്ടു വീഴ്ച്ച കാണിക്കുകയും അങ്ങേയറ്റം വിട്ടു വീഴ്ച്ച കാണിക്കുന്ന റബ്ബിനോട് വിട്ടു വീഴ്ച്ചക്കായി നാം തേടുകയും വേണം. അതാണ് നബിﷺയുടെ മാതൃക.

1 – اللَّهُمَّ إِنَّكَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّي

"അല്ലാഹുവേ, നിശ്ചയമായും നീ വിട്ടുവീഴ്ച്ച ചെയ്യുന്നവനാണ്. നീ വിട്ടു വീഴ്ച്ച ഇഷ്ടപ്പെടുന്നു. അതിനാൽ നീ എന്നോട് വിട്ടുവീഴ്ച്ച കാണിക്കെണമേ." (തിർമിദി)

2 – اَللَّهُمَّ إِنِّي أَسأَلُكَ العَفْـوَ وَالعَافِيَةَ فِي الدُنيَا وَالآخِرَةِ، اَللّهُمَّ إِنِّي أَسأَلُكَ العَفْـوَ وَالعَافِيَةَ فِي دِينِي وَدُنيَاي وَأَهلِي وَمَالِي، اَللّهُمَّ اسْتُرْ عَوْرَاتِي وَ آمِنْ رَوْعَاتِي، اَللّهُمَّ احْفَظْنِي مِن بَينِ يَدَيَ وَمِن

خَلْفِي وَعَنْ يَمِينِي وَعَنْ شِمَالِي وَمِن فَـوْقِـي، وَأَعُوذُ بِعَظَمَتِكَ أَن أُغتَالَ مِنْ تَحْتِي

"അല്ലാഹുവേ, ഇഹത്തിലും പരത്തിലും ഞാൻ നിന്നോട് മാപ്പും സൗഖ്യവും തേടുന്നു. അല്ലാഹുവേ, എന്റെ ആദർശത്തിലും ഇഹ ലോക ജീവിതത്തിലും കുടുംബത്തിലും സമ്പത്തിലും ഞാൻ നിന്നോ ട് പാപമോചനവും സൗഖ്യവും തേടുന്നു. അല്ലാഹുവേ, നീ എന്റെ നഗ്നത മറക്കേണമേ, എന്റെ ഭയപ്പാടുകൾക്ക് നിർഭയത്വമേകേണമേ. അല്ലാഹുവേ, എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലതു ഭാഗത്തി ലൂടെയും ഇടതു ഭാഗത്തിലൂടെയും മുകളിലൂടെയും (പിണഞ്ഞേക്കാ വുന്ന അപകടങ്ങളിൽ നിന്ന്) നീ എനിക്ക് സംരക്ഷണമേകേണമേ. എന്റെ താഴ്ഭാഗത്തിലൂടെ (ഭൂഗർഭത്തിലേക്ക്) ആഴ്ത്തപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വത്തിൽ ഞാൻ അഭയംതേടുന്നു" (അബൂദാവൂദ്)

3 – اللَّهُمَّ إِنِّي أَسْأَلُكَ الْمُعَافَاةَ فِي الدُّنْيَا وَالْآخِرَةِ

'അല്ലാഹുവേ, ഇഹലോകത്തും പരലോകത്തുമുള്ള മുആഫാത് (സൗഖ്യം) ഞാൻ നിന്നോട് തേടുന്നു.' (ഇബ്നുമാജ)

4 – اللَّهُمَّ إنِّي أَسْأَلُكَ العفو و الْعَافِيَةَ واليقين فِي الآخِرَةِ والأولى

അല്ലാഹുവെ, ഇഹലോകത്തും പരലോകത്തും വിട്ട് വീഴ്ച്ചയും സൌഖ്യവും ഉറപ്പും ഞാൻ നിന്നോട് ചോദിക്കുന്നു. (തിർമിദി)

5 – اللَّهُمَّ عَافِنِى فِى بَدَنِى اللَّهُمَّ عَافِنِى فِى سَمْعِى اللَّهُمَّ عَافِنِى فِى بَصَرِى لاَ إِلَهَ إِلاَّ أَنْتَ

'അല്ലാഹുവേ, നീ എനിക്ക് എന്റെ ശരീരത്തിൽ സൗഖ്യമേകേണ മേ. അല്ലാഹുവേ, നീ എനിക്ക് എന്റെ കേൾവിയിൽ സൗഖ്യമേകേണ മേ. അല്ലാഹുവേ, നീ എനിക്ക് എന്റെ കാഴ്ചയിൽ സൗഖ്യമേകേണ മേ. യഥാർത്ഥ ആരാധ്യനായി നീയല്ലാതെ മറ്റാരുമില്ല.' (അബൂദാവൂദ്)

## الاستعاذة من الآفات البدنية والنفسية

# മാനസിക-ശാരീരിക പ്രയാസങ്ങളിൽ നിന്നുള്ള കാവൽ തേട്ടം

1 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ العَجْزِ والكَسَلِ والجُبْنِ والبُخْلِ والهَرَمِ والقَسْوَةِ والغَفْلَةِ والعَيْلَةِ والذِّلَّةِ والمَسْكَنَةِ، وأَعُوذُ بِكَ مِنَ الفَقْرِ والكُفْرِ والفُسُوقِ والشِّقاقِ والنِّفاقِ والسُّمْعَةِ والرِّياءِ، وأَعُوذُ بِكَ مِنَ الصَّمَمِ والبَكَمِ والجُنُونِ والجُذامِ والبَرَصِ وَسَيِّءِ الأَسْقامِ

'അല്ലാഹുവേ അശക്തത, അലസത, ഭീരുത്വം, പിശുക്ക്, വാർദ്ധക്യം, പാരുഷ്യം, അശ്രദ്ധ, അന്യാശ്രയത്വം, നിന്ദ്യത, അധമത്വം എന്നിവയിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. ദാരിദ്രം, കുഫ്ർ, നീചവൃത്തി, അനൈക്യം, കാപട്യം, ലോകപ്രശസ്തി, ലോകമാന്യത, എന്നിവയിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. ബധിരത,

മൂകത, ഭ്രാന്ത്, കുഷ്ഠം, വെള്ളപ്പാണ്ട്, മോശമായ രോഗങ്ങൾ എന്നിവയിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു.' (അഹ്മദ്)

2 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْجُوعِ فَإِنَّهُ بِئْسَ الضَّجِيعُ وَأَعُوذُ بِكَ مِنْ الْخِيَانَةِ فَإِنَّهَا بِئْسَتِ الْبِطَانَةُ

'അല്ലാഹുവേ, വിശപ്പിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു; കാരണം വിശപ്പ് മോശമായ കിടപ്പറയിലെ പങ്കാളിയാകുന്നു. വഞ്ചനയിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു; കാരണം വഞ്ചന മോശക്കാരനായ ആത്മമിത്രമാകുന്നു.'

3 – اللَّهُمَّ آتِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلَاهَا اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ قَلْبٍ لَا يَخْشَعُ وَمِنْ نَفْسٍ لَا تَشْبَعُ وَعِلْمٍ لَا يَنْفَعُ وَدَعْوَةٍ لَا يُسْتَجَابُ لَهَا

"അല്ലാഹുവേ, എന്റെ ശരീരത്തിന് അതിന്റെ ഭക്തി നീ നൽകേണമേ. നീ അതിനെ സംസ്കരിക്കേണമേ. നീ അതിനെ സംസ്കരിക്കുന്ന ഏറ്റവും ഉത്തമനാണല്ലോ. നീ അതിന്റെ രക്ഷാധികാരിയും യജമാനനുമാണല്ലോ. അല്ലാഹുവേ ഉപകാരപ്പെടാത്ത അറിവിൽനിന്നും ഭയപ്പെടാത്ത ഹൃദയത്തിൽ നിന്നും (വിശപ്പുമാറി) നിറയാത്ത ശരീരത്തിൽ നിന്നും ഉത്തരം നൽകപ്പെടാത്ത ദുആഇൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു." (മുസ്‌ലിം)

4 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الهَمِّ وَالحَزَنِ، وَالعَجْزِ وَالكَسَلِ، وَالجُبْنِ وَالبُخْلِ، وَضَلَعِ الدَّيْنِ، وَغَلَبَةِ الرِّجَالِ

'അല്ലാഹുവേ, മനോവ്യഥയിൽ നിന്നും ദുഃഖത്തിൽ നിന്നും അശക്തതയിൽനിന്നും അലസതയിൽ നിന്നും ഭീരുത്വത്തിൽ നിന്നും പിശുക്കിൽനിന്നും കടഭാരത്തിൽ നിന്നും ആളുകളുടെ മേൽകോയ്മയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.' (ബുഖാരി)

5 – اللّٰهُمَّ إِنِّي أَعُوذُ بِكَ مِنْ جَهْدِ الْبَلَاءِ، وَدَرَكِ الشَّقَاءِ، وَسُوءِ الْقَضَاءِ، وَشَمَاتَةِ الْأَعْدَاءِ

'അല്ലാഹുവേ, പരീക്ഷണ കെടുതിയിൽ നിന്നും ദൗർഭാഗ്യ കയത്തിൽനിന്നും വിധിയിലെ വിപത്തിൽനിന്നും എനിക്കേൽക്കുന്ന പ്രയാസത്തിൽ ശത്രുക്കൾ സന്തോഷിക്കുന്നതിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.' (ബുഖാരി)

6 – «اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ يَوْمِ السُّوءِ، وَمِنْ لَيْلَةِ السُّوءِ، وَمِنْ سَاعَةِ السُّوءِ، وَمِنْ صَاحِبِ السُّوءِ، وَمِنْ جَارِ السُّوءِ فِي دَارِ الْمُقَامَةِ»

'അല്ലാഹുവേ, മോശമായ ദിനം, മോശമായ രാവ്, മോശമായ സമയം, മോശമായ കൂട്ടുകാരൻ, ദാറുൽമുകാ്വാമിലുള്ള(നാട്ടിലുള്ള) ചീത്ത അയൽവാസി എന്നിവയിൽനിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു.' (ത്വബ്റാനി)

7 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَدْمِ ، وَأَعُوذُ بِكَ مِنَ التَّرَدِّي وَأَعُوذُ بِكَ مِنَ الْغَرَقِ وَالْحَرَقِ وَالْهَرَمِ وَأَعُوذُ بِكَ أَنْ يَتَخَبَّطَنِي الشَّيْطَانُ عِنْدَ الْمَوْتِ وَأَعُوذُ بِكَ أَنْ أَمُوتَ فِي سَبِيلِكَ مُدْبِرًا ، وَأَعُوذُ بِكَ أَنْ أَمُوتَ لَدِيغًا.

'അല്ലാഹുവേ തകർന്ന് വീണു (മരിക്കു) ന്നതിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. ഉയരത്തിൽ നിന്ന് വീണു (മരിക്കു) ന്നതിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. മുങ്ങിമരിക്കുന്നതിൽ നിന്നും തീപിടുത്തത്തിൽ (മരിക്കു)ന്നതിൽ നിന്നും വാർദ്ധക്യത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. മരണവേളയിൽ പിശാച് എന്നെ വീഴ്ത്തുന്നതിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. യുദ്ധമുഖത്തുനിന്ന് പിന്തിരിഞ്ഞ് ഓടി ഞാൻ മരിക്കുന്നതിൽനിന്നും ഞാൻ നി

ന്നോട് അഭയം തേടുന്നു. വിഷ ജന്തുവിന്റെ കടിയേറ്റ് മരിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. (അബൂദാവൂദ്)

8 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ وَتَحَوُّلِ عَافِيَتِكَ وَفُجَاءَةِ نِقْمَتِكَ وَجَمِيعِ سَخَطِكَ

'അല്ലാഹുവേ, നിന്റെ അനുഗ്രഹം നീങ്ങി പോകുന്നതിൽ നിന്നും നിന്റെ സൗഖ്യം വഴിമാറുന്നതിൽ നിന്നും പെട്ടെന്നുള്ള നിന്റെ പ്രതികാര നടപടിയിൽനിന്നും നിന്റെ മുഴുകോപത്തിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.' (മുസ്‌ലിം)

9 – اللَّهُمَّ أَعُوذُ بِرِضَاكَ مِنْ سَخَطِكَ، وَبِمُعَافَاتِكَ مِنْ عَقُوبَتِكَ، وَأَعُوذُ بِكَ مِنْكَ لا أُحْصِي ثَنَاءً عَلَيكَ، أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ

"അല്ലാഹുവേ, നിന്റെ തൃപ്തി കൊണ്ട് നിന്റെ കോപത്തിൽ നിന്നും സൌഖ്യം കൊണ്ട് ശിക്ഷയിൽ നിന്നും ഞാൻ രക്ഷ ചോദിക്കുന്നു. ഞാൻ നിന്നെ കൊണ്ട് നിന്നിൽ നിന്ന് രക്ഷചോദിക്കുന്നു. നീ നിന്നെ സ്വയം പുകഴ്ത്തിയ പോലെ കണക്കില്ലാത്തയത്ര ഞാൻ നിന്നെ പുകഴ്ത്തുന്നു." (നസാഈ)

10 – اللَّهُمَّ جَنِّبْنِي مُنْكَرَاتِ اَلْأَخْلَاقِ، وَالْأَهْوَاءِ، وَالْأَعْمَالِ، وَالْأَدْوَاءِ

"അല്ലാഹുവേ, മോശമായ സ്വഭാവങ്ങളിൽ നിന്നും ഇച്ഛകളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും എന്നെ അകറ്റേണമേ." (ത്വബ്റാനി)

11 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ سَمْعِي وَمِنْ شَرِّ بَصَرِي وَمِنْ شَرِّ لِسَانِي وَمِنْ شَرِّ قَلْبِي وَمِنْ شَرِّ مَنِيِّي

'അല്ലാഹുവേ, എന്റെ കേൾവിയുടേയും കാഴ്ചയുടേയും നാവിന്റെയും ഹൃദയത്തിന്റെയും ലൈംഗികാവയവത്തിന്റെയും വിപത്തിൽ

നിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു.' (അബൂദാവൂദ്)

**12 – اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْفَقْرِ وَالْقِلَّةِ وَالذِّلَّةِ وَأَعُوذُ بِكَ مِنْ أَنْ أَظْلِمَ أَوْ أُظْلَمَ**

"അല്ലാഹുവേ, ദാരിദ്ര്യത്തിൽ നിന്നും കുറവിൽ നിന്നും നിന്ദ്യതയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. ഞാൻ അക്രമം പ്രവർത്തിക്കുന്നതിൽ നിന്നും അക്രമം പ്രവർത്തിക്കപ്പെടുന്നവരിൽ നിന്നും രക്ഷ ചോദിക്കുന്നു." (അബൂദാവൂദ്)

الاستعاذة بالله من الفتن

# ഫിത്നകളിൽ നിന്ന് കാവൽ ചോദിക്കൽ

1 – اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ.

'അല്ലാഹുവേ ക്വബ്ർ ശിക്ഷയിൽ നിന്നും നരക ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണത്തിലുമുണ്ടാകുന്ന പരീക്ഷണങ്ങളിൽനിന്നും മസീഹുദ്ദജ്ജാലിന്റെ പരീക്ഷണകെടുതികളിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.'

2 – رَبَّنَا لَا تَجْعَلْنَا فِتْنَةً لِلْقَوْمِ الظَّالِمِينَ

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ഈ ജനവിഭാഗത്തിന്റെ മർദ്ദനത്തിന് ഇരയാക്കരുതേ." (യൂനുസ്: 85)

3 – بِسْمِ اللهِ الَّذِي لاَ يَضُرُّ مَعَ اسْمِهِ شَيْئٌ فِي الْأَرْضِ وَلاَ فِي السَمَاءِ

وَهُوَ السَمِيعُ العَـلِيمُ

'അല്ലാഹുവിന്റെ നാമത്തിൽ. അവന്റെ നാമം അനുസ്മരിക്കുന്നതോടെ ഭൂമിയിലും ആകാശത്തിലും യാതൊന്നും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം സൂക്ഷ്മം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.' (തിർമിദി)

## കുറിപ്പ്

ഈ വചനം പ്രദോഷത്തിൽ മൂന്നു തവണ ചൊല്ലിയാൽ പുലരുന്നതുവരേയും പ്രഭാതത്തിൽ മൂന്നു തവണ ചൊല്ലിയാൽ വൈകുന്നതുവരേയും പെട്ടെന്നുള്ള ഒരു പരീക്ഷണവും ബാധിക്കുകയില്ലെന്ന് ഹദീഥിൽ വന്നിട്ടുണ്ട്.

## سؤال الله الحفظ والنصرة

# അല്ലാഹുവിന്റെ സംരക്ഷണവും സഹായവും

1 – وَاجْعَلْ لَنَا مِنْ لَدُنْكَ وَلِيًّا وَاجْعَلْ لَنَا مِنْ لَدُنْكَ نَصِيرًا

“ഞങ്ങളുടെ രക്ഷിതാവേ, അക്രമികളായ ആളുകൾ അധിവസിക്കുന്ന ഈ നാട്ടിൽ നിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും, നിന്റെ വകയായി ഒരു രക്ഷാധികാരിയെയും നിന്റെ വകയായി ഒരു സഹായിയെയും ഞങ്ങൾക്ക് നീ നിശ്ചയിച്ച് തരികയും ചെയ്യേണമേ.” (അന്നിസാഅ്: 75)

2 – رَبِّ نَجِّنِي مِنَ الْقَوْمِ الظَّالِمِينَ

“എന്റെ രക്ഷിതാവേ, അക്രമികളായ ജനതയിൽ നിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ.” (അൽ-ഖസ്വസ്: 21)

3 – رَبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ. وَأَعُوذُ بِكَ رَبِّ أَنْ

يَحْضُرُونِ.

" എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോടു രക്ഷ തേടുന്നു. അവർ (പിശാചുക്കൾ) എന്റെ അടുത്ത് സന്നിഹിതരാകുന്നതിൽനിന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷ തേടുന്നു." (ക്വുർആൻ 23: 97, 98)

**4 – اللَّهُمَّ احْفَظنِي بالإِسْلاَمِ قائِماً، واحْفَظْنِي بالإِسْلاَمِ قاعِداً، واحْفَظنِي بالإِسْلاَمِ راقِداً، ولا تُشْمِتْ بِي عَدُوّاً ولا حاسِداً. اللَّهُمَّ إِنِّي أَسْأَلُكَ مِنْ كُلِّ خَيْر خزائِنُهُ بِيَدِكَ، وأَعُوذُ بِكَ مِنْ كُلِّ شَرَ خَزَائِنُهُ بِيَدِكَ**

"അല്ലാഹുവെ, നിറുത്തത്തിലും ഇരുത്തത്തിലും ഉറക്കത്തിലുമെല്ലാം ഇസ്‌ലാം കൊണ്ട് നീ എന്നെ സംരക്ഷിക്കേണമേ, എന്നെ കൊണ്ട് എന്റെ ശത്രുവിനെയോ അസൂയക്കാരനെയോ നീ സന്തോഷിപ്പിക്കരുതെ, അല്ലാഹുവേ, നിന്റെ കയ്യിലുള്ള നന്മകളുടെ ഖജനാവിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു. നിന്റെ കരങ്ങളിലുള്ള നാശത്തിന്റെ ഖജനാവുകളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു." (ഹാകിം)

## أذكار بعد الصلاة

# നമസ്ക്കാരശേഷമുള്ള ദിക്റുകൾ

**നമസ്കാരത്തിൽ നിന്ന് വിരമിച്ചാൽ**

**1 – أَسْـتَغْفِرُ الله**

"അല്ലാഹുവോട് ഞാൻ പാപമോചനം തേടുന്നു" (മൂന്ന് പ്രാവശ്യം ചൊല്ലണം)

**2 – أَللَّهُمَّ أَنْتَ السَّلاَمُ وَمِنْكَ السَّلاَمُ تَبَارَكْتَ يَاذَا الْجَلاَلِ وَالإِكْرَامِ**

"അല്ലാഹുവേ നീയാണ് അസ്സലാം (സമാധാനം നൽകുന്നവൻ), നിന്നിൽ നിന്നാണ് സമാധാനം, ഉന്നതിയുടേയും മഹത്വത്തിന്റേയും ഉടമസ്ഥനേ നീ അനുഗ്രഹ പൂർണ്ണനായിരിക്കുന്നു."

3 – لاَ إِلَـهَ إِلاَّ اللّٰهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْئٍ قَدِيرٌ ، أَللَّهُمَّ لاَ مَانِعَ لِمَا أَعْطَيْتَ، وَلاَ مُعْطِيَ لِمَا مَنَعتَ ،وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ

"യഥാർത്ഥ ആരാധ്യനായി അല്ലാഹു വല്ലാതെ മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനുമാത്ര മാണ്. എല്ലാ സ്തുതിയും അവനു മാത്രമാണ്. അവനെല്ലാത്തിനും കഴിവുള്ളവനാണ്. അല്ലാഹുവേ നീ നൽകുന്നത് തടയുന്നവനായി ആരുമില്ല. നീ തടയുന്നത് നൽകുന്നവനായി ആരുമില്ല. നിന്റെ അടു ക്കൽ ധനമുള്ളവന് ധനം ഉപകരിക്കുകയില്ല."

4 – لاَ إِلَـهَ إِلاَّ اللّٰهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْئٍ قَدِيرٌ، لاَحَوْلَ وَلاَ قُوَّةَ إِلاَّ بِاللّٰهِ ، لاَ إِلَـهَ إِلاَّ اللّٰهُ ، وَلاَنَعْبُدُ إِلاَّ إِيَّاهُ ، لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ ، لاَ إِلَـهَ إِلاَّ اللّٰهُ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ

"യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനുമാത്രമാ ണ്. എല്ലാ സ്തുതിയും അവനുമാത്രമാണ്. അവൻ എല്ലാത്തിനും കഴി വുള്ളവനാണ്. അല്ലാഹുവെ കൊണ്ടല്ലാതെ ഒരു കഴിവും ശേഷിയു മില്ല. അല്ലാഹുവല്ലാതെ യാതൊരുആരാധ്യനുമില്ല. അവനെയല്ലാതെ ഞങ്ങൾ ആരാധിക്കുന്നുമില്ല. സർവ്വ അനുഗ്രഹങ്ങളും ഔദാര്യങ്ങളും അവന്റേത് മാത്രാണ്. ഉത്തമമായ സ്തുതികൾ അവനുണ്ട്. അല്ലാഹു വല്ലാതെ യാതൊരു ആരാധ്യനുമില്ല. വണക്കം അവന് നിഷ്കളങ്കമാ ക്കുന്നവരിലാണ് ഞാൻ; സത്യനിഷേധികൾ വെറുപ്പ് പ്രകടിപ്പിച്ചാലും."

5 – سُبْحَانَ اللّٰهِ ;

മുപ്പത്തിമൂന്ന് തവണ

“അല്ലാഹു എത്ര പരിശുദ്ധൻ”

6 – الْحَمْدُ للهِ

അൽഹംദുലില്ലാഹ് മുപ്പത്തിമൂന്ന് തവണ

“അല്ലാഹുവിനാണ് സർവ്വ സ്തുതിയും.”

7 – اللهُ أَكْبَرْ

അല്ലാഹുവാണ് വലിയവൻ മുപ്പത്തിമൂന്ന് തവണ

നൂറ് തികക്കാൻ

8 – لاَ إِلـَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْئٍ قَدِيرٌ

യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനുമാത്രമാണ്. എല്ലാ സ്തുതിയും അവനു മാത്രമാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്.

ഈ ദിക്റുകൾ നൂറ് തികച്ചാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ സമുദ്രത്തിലെ നുരകൾക്ക് തുല്യമാണെങ്കിലും പൊറുക്കപ്പെടുമെന്ന് ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്.

ശേഷം ഈ മൂന്ന് സൂറത്തുകളും പാരായണം ചെയ്യുക.

സൂറത്തുൽ ഇഖ്ലാസ്

9 – بسم الله الرحمن الرحيم ۞ قُلْ هُوَ اللهُ أَحَدٌ ۞ اللهُ الصَّمَدُ ۞ لَمْ يَلِدْ وَلَمْ يُولَدْ ۞ وَلَمْ يَكُن لَّهُ كُفُواً أَحَدٌ

സൂറത്തുൽ ഫലഖ്

10 – بسم الله الرحمن الرحيم ۞ قُلْ أَعُوذُ بِرَبِّ الْفَلَقِ ۞ مِن شَرِّ مَا خَلَقَ ۞ وَمِن شَرِّ غَاسِقٍ إِذَا وَقَبَ ۞ وَمِن شَرِّ النَّفَّاثَاتِ فِي الْعُقَدِ ۞ وَمِن شَرِّ حَاسِدٍ إِذَا حَسَدَ

സൂറത്തുന്നാസ്

11 – بسم الله الرحمن الرحيم ۞ قُلْ أَعُوذُ بِرَبِّ النَّاسِ ۞ مَلِكِ النَّاسِ ۞ إِلَهِ النَّاسِ ۞ مِنْ شَرِّ الْوَسْوَاسِ الْخَنَّاسِ ۞ الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ ۞ مِنَ الْجِنَّةِ وَالنَّاسِ ۞

ആയത്തുൽ കുർസിയ്യ് ഓതുക

12 – اللّٰهُ لَا إِلَهَ إِلَّا هُوَ الْحَيُّ الْقَيُّومُ لَا تَأْخُذُهُ سِنَةٌ وَلَا نَوْمٌ لَهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ مَنْ ذَا الَّذِي يَشْفَعُ عِنْدَهُ إِلَّا بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يُحِيطُونَ بِشَيْءٍ مِنْ عِلْمِهِ إِلَّا بِمَا شَاءَ وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالْأَرْضَ وَلَا يَئُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ (٢٥٥)

നബി ﷺ പറഞ്ഞു: (ആരെങ്കിലും എല്ലാ നമസ്കാരശേഷവും ആയത്തുൽ കുർസിയ്യ് ഓതിയാൽ മരണമല്ലാതെ അയാളുടെ സ്വർഗ്ഗ പ്രവേശനത്തിന് തടസ്സമായി ഒന്നുമില്ല) (സുനനു ന്നസാഇ)

**സുബ്ഹിക്കും മഗ്രിബിനും ശേഷം**

13 – لاَ إِلَـهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ

يُحْيِي وَيُمِيتُ وَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

അർത്ഥം: അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്.

ഈ ദിക്ർ സുബ്ഹിക്കും മഗ്‌രിബിനും ശേഷം പത്ത് തവണവീതം ചൊല്ലേണ്ടതാണ്.

ഒരാൾ നമസ്കാരാനന്തരം ഈ ദിക്ർ പത്ത് തവണ ചൊല്ലിയാൽ, അവൻ ചൊല്ലിയ ഓരോന്നു കൊണ്ടും അല്ലാഹു അവന് പത്ത് നന്മകൾ രേഖപ്പെടുത്തുമെന്നും അതുകൊണ്ട് അല്ലാഹു അവനിൽനിന്ന് പത്ത് തിന്മകൾ മായിക്കുമെന്നും അതുകൊണ്ട് അല്ലാഹു അവന് പത്ത് പദവികൾ ഉയർത്തുമെന്നും അവ പത്തും അവന് മോചിപ്പിക്കപ്പെട്ട പത്ത് അടിമകളെപ്പോലെയായിരിക്കുമെന്നും പ്രദോഷം വരെ അവ അവന് (പിശാചിൽനിന്ന്) സുരക്ഷയായിരിക്കുമെന്നും. അവൻ വൈകുന്നേരമാകുമ്പോൾ ചൊല്ലിയാലും അപ്രകാരം തന്നെയാണ് എന്നും തിരുമൊഴിയിലുണ്ട്.

## أذكارالصباح والمساء

# പ്രഭാത പ്രദോഷത്തിലെ ദിക്റുകളും ദുആകളും

1 – أَصْبَحْنَا عَلَى فِطْرَةِ الإِسْلامِ ، وَكَلِمَةِ الإِخْلَاصِ، وَدِينِ نَبِيِّنَا مُحَمَّدٍ ﷺ ، وَمِلَّةِ أَبِينَا إِبْرَاهِيمَ حَنِيفًا مُسْلِمًا ، وَمَا كَانَ مِنَ الْمُشْرِكِينَ.

"ഇസ്ലാമിന്റെ ഫിത്വ്റത്തിലും, ഇഖ്ലാസ്വിന്റെ കലിമത്തിലും, ഞങ്ങളുടെ പ്രവാചകനായ മുഹമ്മദ് നബിﷺയുടെ ദീനിലും, ഋജു മനസ്കനും മുസ്ലിമും മുശ്രിക്കുകളിൽ പെടാത്തവനുമായ ഞങ്ങളുടെ പിതാവായ ഇബ്റാഹീംعليه السلامമിന്റെ മില്ലത്തിലും ആയി ക്കൊണ്ട് ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചിരിക്കുന്നു."

**പ്രദോഷമായാൽ:**

2 – أَمْسَيْنَا عَلَى فِطْرَةِ الإِسْلامِ ، وَكَلِمَةِ الإِخْلَاصِ، وَدِينِ نَبِيِّنَا مُحَمَّدٍ ﷺ ، وَمِلَّةِ أَبِينَا إِبْرَاهِيمَ حَنِيفًا مُسْلِمًا ، وَمَا كَانَ مِنَ الْمُشْرِكِينَ.

“ഇസ്‌ലാമിന്റെ ഫിത്വ്‌റത്തിലും, ഇഖ്‌ലാസ്വിന്റെ കലിമത്തിലും, ഞങ്ങളുടെ പ്രവാചകനായ മുഹമ്മദ് നബി ﷺയുടെ ദീനിലും, ഋജു മനസ്കനും മുസ്‌ലിമും മുശ്രിക്കുകളിൽ പെടാത്തവനുമായ ഞങ്ങളുടെ പിതാവായ ഇബ്‌റാഹീ ‍‍ﷺമിന്റെ മില്ലത്തിലും ആയിക്കൊണ്ട് ഞങ്ങൾ പ്രദോഷത്തിൽ പ്രവേശിച്ചിരിക്കുന്നു.”

അല്ലാഹുവിന്റെ റസൂൽ ﷺ നേരം പുലർന്നാലും വൈകുന്നേരമായാലും ഇപ്രകാരം പറയുമായിരുന്നു എന്നും മറ്റൊരു റിപ്പോർട്ടിൽ അല്ലാഹുവിന്റെ റസൂൽ ﷺ നേരം പുലർന്നാലും വൈകുന്നേരമായാലും ഇങ്ങനെ പറയുവാൻ ഞങ്ങളെ പഠിപ്പിക്കുമായിരുന്നു എന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്. ഇമാം അഹ്മദും മറ്റും റിപ്പോർട്ട് ചെയ്തത്. ഇമാം നവവി, ഹൈഥമി, ഇറാകി, അൽബാനി എന്നിവർ ഹദീഥിനെ സ്വഹീഹെന്നും ഇബ്നുഹജർ, സ്വുയൂത്വി എന്നിവർ ഹസനെന്നും വിശേഷിപ്പിച്ചിട്ടുണ്ട്.

3 – رَضِيتُ بِاللهِ رَبًّا ، وَبِالإِسْلاَمِ دِينًا ، وَبِمُحَمَّدٍ رَسُولاً

“അല്ലാഹുവിനെ റബ്ബായിട്ടും ഇസ്‌ലാമിനെ ദീനായിട്ടും മുഹമ്മദിﷺനെ റസൂലായിട്ടും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.”

4 – رَضِيتُ بِاللهِ رَبًّا ، وَبِالإِسْلاَمِ دِينًا ، وَبِمُحَمَّدٍ نَبِيًّا

അല്ലാഹുവിനെ റബ്ബായിട്ടും ഇസ്‌ലാമിനെ ദീനായിട്ടും മുഹമ്മദിﷺനെ നബിയായിട്ടും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.

പുലരുമ്പോൾ മൂന്ന് തവണയും വൈകുന്നേരം മൂന്ന് തവണയും ഇപ്രകാരം ചൊല്ലിയാൽ, അന്ത്യനാളിൽ അവനെ തൃപ്തിപ്പെടുക എന്നത് അല്ലാഹു ബാധ്യതയായി ഏറ്റിരിക്കുന്നു എന്ന് മുസ്നദുഅഹ്മദിലുണ്ട്. ചില റിപ്പോർട്ടുകളിൽ ‘റസൂലൻ‘ എന്നും മറ്റുചിലതിൽ

'നബിയ്യൻ' എന്നുമാണുള്ളത്.

ഇമാം ത്വബറാനിയുടെ റിപ്പോർട്ടിൽ: ആരെങ്കിലും നേരം പുലരുമ്പോൾ ഇപ്രകാരം ചൊല്ലയാൽ, "അപ്പോൾ ഞാനാണ് നായകൻ, ഞാൻ അവന്റെ കൈ പിടിക്കുകതന്നെ ചെയ്യും, ശേഷം അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും." എന്ന് തിരുമേനി ﷺ പറഞ്ഞതായും ഉണ്ട്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

**പ്രഭാതമായാൽ:**

**5 – أَللَّهُمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا وَرِزْقًا طَيِّبًا وَعَمَلاً مُتَقَبَّلاً**

അല്ലാഹുവേ, ഉപകരിക്കുന്ന വിജ്ഞാനവും വിശിഷ്ടമായ ഉപജീവനവും സ്വീകരിക്കപ്പെടുന്ന കർമവും ഞാൻ നിന്നോട് ചോദിക്കുന്നു.

അല്ലാഹുവിന്റെ റസൂൽ ﷺ സുബ്ഹി നമസ്കരിച്ച് സലാം വീട്ടിയാൽ ഇപ്രകാരം പറയുമായിരുന്നു എന്നും പ്രഭാതത്തിൽ പ്രവേശിച്ചാൽ ഇപ്രകാരം പറയുമായിരുന്നുവെന്നും ഉമ്മുസലമഃ(റഅ)യിൽ നിന്നുള്ള റിപ്പോർട്ടുകളിലുണ്ട്. സുനനു ഇബ്നിമാജഃ, മുസ്നദുൽ ഇമാം അഹ്മദ്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

**6 – اللَّهُمَّ بِكَ أَصْبَحْنَا وَبِكَ أَمْسَيْنَا ، وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ النُّشُورُ**

അല്ലാഹുവേ നിന്നെക്കൊണ്ട് ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചിരിക്കുന്നു. നിന്നെക്കൊണ്ട് ഞങ്ങൾ പ്രദോഷത്തിൽ പ്രവേശിച്ചിരിക്കുന്നു. നീ ഞങ്ങളെ ജീവിപ്പിക്കുന്നു. നീ ഞങ്ങളെ മരിപ്പിക്കുന്നു. നിന്നിലേക്ക് മാത്രമാകുന്നു മടക്കം.

**7 – اللَّهُمَّ بِكَ أَمْسَيْنَا، وَبِكَ أَصْبَحْنَا، وَبِكَ نَحْيَا، وَبِكَ نَمُوتُ وَإِلَيْكَ الْمَصِيرُ.**

അല്ലാഹുവേ നിന്നെക്കൊണ്ട് ഞങ്ങൾ പ്രദോഷത്തിൽ പ്രവേശിച്ചിരിക്കുന്നു. നിന്നെക്കൊണ്ട് ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചിരി

ക്കുന്നു. നീ ഞങ്ങളെ ജീവിപ്പിക്കുന്നു. നീ ഞങ്ങളെ മരിപ്പിക്കുന്നു. നിന്നിലേക്ക് മാത്രമാകുന്നു മടക്കം.

തിരുമേനിﷺ, തന്റെ എല്ലാ പ്രഭാത പ്രദോഷങ്ങളിൽ ഈ ദുആ ചൊല്ലിയതായും ചൊല്ലുവാൻ കൽപ്പിച്ചതായും അബൂഹുറയ്റഃ ﵁യിൽ നിന്നുള്ള ഹദീഥിൽ വന്നിട്ടുണ്ട്. നബിﷺ ചൊല്ലിയതായി അറിയിക്കുന്ന ഹദീഥുകളെ ഇമാംനവവി, ഇബ്നുഹിബ്ബാൻ, ഇബ്നുഹജർ, ഇബ്നുൽ ക്വയ്യിം, അൽബാനി എന്നിവർ സ്വഹീഹെന്നും നബിﷺ സ്വഹാബികളോട് കൽപ്പിച്ചതായി അറിയിക്കുന്ന ഹദീഥുകളെ ഇമാം തിർമിദിയും നവവിയും ഹസനെന്നും അൽബാനി സ്വഹീഹെന്നും വിശേഷിപ്പിച്ചിട്ടുണ്ട്.

**8 – لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ المُلْكُ وَلَهُ الحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ**

യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. രാജാധിപത്യം അവനുമാത്രമാണ്. എല്ലാ സ്തുതികളും അവനുമാത്രമാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനുമാണ്.

ആരെങ്കിലും ഈ മഹത് വചനം ഒരു ദിനം നൂറുതവണ പറഞ്ഞാൽ, അത് അവന് പത്ത് അടിമകളെ മോചിപ്പിച്ചതിന് തുല്ല്യമായി, അവന് നൂറ് പുണ്യങ്ങൾ രേഖപ്പെടുത്തപ്പെടും, നൂറ് തിന്മകൾ അവനെതൊട്ട് മായ്ക്കപ്പെടും, അവന്റെ ആ ദിനം പ്രദോഷമാകുന്നത് വരെ അത് അവന് പിശാചിൽനിന്നുള്ള സുരക്ഷയായിരിക്കും, അവൻ കൊണ്ടുവന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരു പ്രവൃത്തിയും ആരും കൊണ്ടുവന്നിട്ടില്ല. അതിനേക്കാൾ വർദ്ധിപ്പിച്ച് കർമ്മങ്ങൾ ചെയ്തയാളൊഴികെ എന്ന് ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ വന്നിട്ടുണ്ട്.

വല്ലവനും സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും മുമ്പ് ഇപ്രകാരം നൂറ് തവണ പറഞ്ഞാൽ അന്ത്യനാളിൽ ഒരാളും അയാളുടെ കർമ്മത്തേക്കാൾ ശ്രേഷ്ഠമായ കർമ്മവുമായി എത്തിയിട്ടില്ല; അയാൾ ചൊല്ലിയതുപോലുള്ള വചനം ചൊല്ലിയവനോ അല്ലെങ്കിൽ അതിനേക്കാൾ വർദ്ധിപ്പിച്ചവനോ അല്ലാതെ എന്ന് ഇമാം തിർമിദിയുടെ റി

പ്പോർട്ടിലുണ്ട്. ഇമാം തിർമിദിയും അൽബാനിയും ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

9 – يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ أَصْـلِحْ لِي شَأْنِي كُلَّهُ وَلاَ تَكِلْـنِي إِلَى نَفْسِي طَرْفَةَ عَينٍ

എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായ അല്ലാഹുവേ, നിന്റെ കാരുണ്യം കൊണ്ട് നിന്നോട് ഞാൻ സഹായം അർത്ഥിക്കുന്നു. എന്റെ എല്ലാ കാര്യങ്ങളും എനിക്ക് നീ നന്നാക്കിത്തരേണമേ. കണ്ണിമവെട്ടുന്ന നേരമെങ്കിലും എന്റെ കാര്യം നീ എന്നിലേക്ക് ഏൽപ്പിക്കരുതേ.

നബി ﷺ മകൾ ഫാത്വിമ ﷺയോട് പ്രഭാതത്തിലും പ്രദോഷത്തിലും ചൊല്ലുവാൻ വസ്വിയ്യത് ചെയ്തത്. ഇമാം അൽമുൻദിരി ഹദീഥിനെ സ്വഹീഹെന്നും, ഇമാം ഇബ്നു ഹജറും അൽബാനിയും ഹദീഥിനെ ഹസനെന്നും വിശേഷിപ്പിച്ചിട്ടുണ്ട്.

**ആയത്തുൽകുർസിയ്യ്**

10 – اللهُ لَا إِلَـهَ إِلَّا هُوَ الْحَيُّ الْقَيُّومُ لَا تَأْخُذُهُ سِنَةٌ وَلَا نَوْمٌ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ مَن ذَا الَّذِي يَشْفَعُ عِندَهُ إِلَّا بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلَّا بِمَا شَاءَ وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالْأَرْضَ وَلَا يَئُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ .

“അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. ആകാശ ഭൂമികളിലുള്ളതെല്ലാം അവന്റേതാണ്. അവന്റെ അനുവാദമില്ലാതെ അവന്റെ അടുക്കൽ ശുപാർശ നടത്താ

നാരുണ്ട്? അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്നും അവൻ ഉദ്ദേശിക്കുന്നതല്ലാതെ അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ കുർസിയ്യ് ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ." (അൽബഖറഃ 225)

പ്രഭാതത്തിൽ ആയത്തുൽകുർസിയ്യ് പാരായണം ചെയ്താൽ വൈകുന്നേരമാകുവോളവും വൈകുന്നേരമാകുമ്പോൾ പാരായണം ചെയ്താൽ നേരംപുലരുവോളവും പിശാചുക്കളിൽനിന്ന് സംരക്ഷണമുണ്ടാകുമെന്ന ജിന്നിന്റെ വാർത്തയെ നബിﷺ സത്യപ്പെടുത്തിയതായി ഹദീഥിൽ വന്നിട്ടുണ്ട്. ഇമാം ഹാകിമും ദഹബിയും ഇബ്നുഹിബ്ബാനും അൽബാനിയും ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

## സയ്യിദുൽഇസ്തിഗ്ഫാർ

11 – أَللَّهُمَّ أَنتَ رَبِّي لاَ إِلـَهَ إِلاَّ أَنْتَ خَلَقْتَنِي ،وَأَنَا عَبْدُكَ ، وَ أَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ ، أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ ، أَبُوءُ لَكَ بِنِعْـمَتِكَ عَلَيَّ، وَ أَ بُوءُ لَكَ بِذَنبِي، فَاغْفِرلِي فَإِنَّهُ لاَ يَغْفِرُ الذُنُوبَ إِلاَّ أَنْتَ

അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീയല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല. നീ എന്നെ സൃഷ്ടിച്ചു, ഞാൻ നിന്റെ ദാസനാണ്. എന്റെ കഴിവിനനുസരിച്ച് നിന്നോടുള്ള കരാറിലും വാഗ്ദത്തത്തിലുമാണ് ഞാൻ. ഞാൻ ചെയ്ത മുഴുവൻ തിന്മകളിൽനിന്നും നിന്നിൽ രക്ഷക്കുവേണ്ടി തേടുന്നു. നീ എനിക്കേകിയ അനുഗ്രഹങ്ങൾ ഞാൻ നിനക്ക് മുമ്പിൽ സമ്മതിക്കുന്നു. ഞാൻ ചെയ്ത തെറ്റുകളും നിന്നോട് സമ്മതിക്കുന്നു. നീ എന്നോട് പൊറുക്കേണമേ. കാരണം, നീയല്ലാതെ മറ്റാരും പാപം പൊറുക്കുകയില്ല.

ഈ വചനങ്ങൾ ദൃഢവിശ്വാസിയായികൊണ്ട് പകലിൽ ചൊല്ലി ആ ദിനം വൈകുന്നേരമാകുന്നതിന് മുമ്പ് മരണപ്പെടുന്ന വ്യക്തിയും

ഇവ ദൃഢ വിശ്വാസിയായികൊണ്ട് രാത്രിയിൽ ചൊല്ലി നേരം പുലരുന്നതിന് മുമ്പ് മരണപ്പെടുന്ന വ്യക്തിയും സ്വർഗ്ഗവാസികളിൽ പെട്ടവനാണെന്ന് ഇമാം ബുഖാരി സ്വഹീഹിൽ റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്.

## 12 – سُبْحَانَ اللهِ وَبِحَمْدِهِ

അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.

ആരെങ്കിലും പ്രഭാതമാകുമ്പോഴും പ്രദോഷമാകുമ്പോഴും ഈ ദിക്ർ നൂറുതവണ പറഞ്ഞാൽ അവൻ കൊണ്ടുവന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരു പ്രവൃത്തിയും ആരും അന്ത്യനാളിൽ കൊണ്ടുവന്നിട്ടില്ല; അയാൾ പറഞ്ഞതുപോലുള്ള അല്ലെങ്കിൽ അതിനേക്കാൾ വർദ്ധിച്ച് ചൊല്ലിയ വ്യക്തിയൊഴികെ എന്ന് ഇമാം മുസ്ലിമും ഇമാം തിർമിദിയും റിപ്പോർട്ട് ചെയ്ത ഹദീഥുകളിലുണ്ട്.

## 13 – سُبْحَانَ اللهِ الْعَظِيمِ وَبِحَمْدِهِ

മഹത്വമേറിയവനായ അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.

ആരെങ്കിലും പ്രഭാതമാകുമ്പോഴും പ്രദോഷമാകുമ്പോഴും ഇപ്രകാരം നൂറുതവണ പറഞ്ഞാൽ അവൻ പൂർത്തീകരിച്ച് എത്തിച്ചതുപേലെ സൃഷ്ടികളിൽ ഒരാളും എത്തിച്ചിട്ടില്ലെന്ന് സുനനുഅബീദാവൂദിലുണ്ട്. ഇമാം ഇബ്നുഹിബ്ബാനും അൽബാനിയും ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

## 14 – اللَّهُمَّ فَاطِرَ السَّمَاوَاتِ وَالْأَرْضِ ، عَالِمَ الْغَيْبِ وَالشَّهَادَةِ ، لَا إِلٰهَ إِلَّا أَنْتَ رَبَّ كُلِّ شَيْءٍ وَمَلِيكَهُ ، أَعُوذُ بِكَ مِنْ شَرِّ نَفْسِي وَمِنْ شَرِّ الشَّيْطَانِ وَشِرْكِهِ ، وَأَنْ أَقْتَرِفَ عَلَى نَفْسِي سُوءًا أَوْ أَجُرَّهُ إِلَى مُسْلِمٍ .

ആകാശങ്ങളും ഭൂമിയും ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ചവനായ,

ദൃശ്യവും അദൃശ്യവും അറിയുന്നവനായ, എല്ലാ വസ്തുക്കളുടേയും രക്ഷിതാവും അധിപനുമായ അല്ലാഹുവേ, യഥാർത്ഥ ആരാധ്യനായി നീയല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ ശരീരത്തിന്റെ തിന്മകളിൽ നിന്നും പിശാചിന്റെ കെടുതികളിൽനിന്നും അല്ലാഹുവിൽ പങ്കുചേർക്കുവാൻ അവൻ ക്ഷണിക്കുന്ന കാര്യങ്ങളിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ഞാൻ എന്നോട് തന്നെ തിന്മ ചെയ്യുന്നതിൽ നിന്നും അത് ഒരു മുസ്‌ലിമിലേക്ക് കൊണ്ടുവരുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.

അബൂബകറി ﷺ നോട് പ്രഭാതത്തിലും പ്രദോഷത്തിലും ഉറക്കശയ്യ പ്രാപിക്കുമ്പോഴും ചൊല്ലുവാൻ നബി ﷺ കൽപ്പിച്ചത്. സുനനു അബീ ദാവൂദ്, സുനനുത്തിർമിദി. ഇമാംഹാകിം, ദഹബി, നവവി, ഇബ്നുഹിബ്ബാൻ, ഇബ്നുഹജർ, ഇബ്നുൽകയ്യിം, തിർമിദി, അൽബാനി തുടങ്ങിയവർ ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

**പ്രഭാതമായാൽ:**

15 – أَصْبَحْنَا وَ أَصْبَحَ المُـلكُ لِلّهِ وَالْحَمدُ لِلّه لاَ إِلَـهَ إِلاَّ اللّهُ وَحدَهُ لاَ شَرِيك لَـهُ ، لَـهُ المُلكُ وَلَهُ الحَمدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٍ ، رَبِّ أَسْأَلُكَ خَيرَ مَا فِي هَذَا الْيَوْمِ وَ خَيْرَ مَا بَعْدَهُ وَأَعُوذُ بِكَ مِنْ شَرِّ هَذَا الْيَوْمِ وَ شَرِّ مَا بَعدَهُ، رَبِّ أَعُوذُ بِكَ مِنَ الكَسَلِ وَ سُوءِ الكِبَرِ ، رَبِّ أَعُوذُ بِكَ مِنْ عَذَابٍ فِي النَارِ وَ عَذَابٍ فِي القَبرِ

ഈ പ്രഭാതത്തിൽ മുഴുവൻ ആധിപത്യവും അല്ലാഹുവിന് മാത്രമായിരിക്കെ ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചിരിക്കുന്നു. സർവ്വസ്തുതിയും അല്ലാഹുവിന് മാത്രമാകുന്നു. യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. രാജാധിപത്യം അവനുമാത്രമാണ്. എല്ലാ സ്തുതികളും അവനു മാത്രമാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനുമാണ്. എന്റെ രക്ഷിതാവേ, ഈ ദിനത്തിലെ നന്മയും ശേഷമുള്ള ദിനങ്ങളി

ലെ നന്മയും ഞാൻ തേടുന്നു. ഈ ദിനത്തിലെ തിന്മയിൽ നിന്നും ശേഷമുള്ള ദിനങ്ങളിലെ തിന്മയിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. എന്റെ രക്ഷിതാവേ, അലസതയിൽ നിന്നും വാർദ്ധക്യത്തിന്റെ കെടുതികളിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. എന്റെ രക്ഷിതാവേ, നരകശിക്ഷയിൽനിന്നും ഖബ്ർ ശിക്ഷയിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

**വൈകുന്നേരമായാൽ:**

16 – أَمْسَينَا وَ أَمسَى المُـلكُ لِلّٰهِ وَالْحَمدُ لِلّٰه لاَ إِلَـهَ إِلاَّ اللّٰهُ وَحدَهُ لاَ شَرِيكَ لَـهُ لَـهُ المُلكُ وَلَهُ الحَمدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٍ ، رَبِّ أَسْأَلُكَ خَيرَ مَا فِي هَذِهِ اللَيلَةِ وَ خَيْرَ مَا بَعْدَهَا، وَأَعُوذُ بِكَ مِنْ شَرِّ هَذِهِ اللَّيلةِ وَ شَرِّ مَا بَعدَهَا، رَبِّ أَعُوذُ بِكَ مِنَ الكَسَلِ وَ سُوءِ الكِبَرِ ، رَبِّ أَعُوذُ بِكَ مِنْ عَذَابٍ فِي النَارِ وَ عَذَابٍ فِي القَبرِ

പ്രദോശമായിരിക്കെ ഞങ്ങൾ പ്രദോഷത്തിൽ പ്രവേശിച്ചിരിക്കുന്നു. സർവ്വസ്തുതിയും അല്ലാഹുവിന് മാത്രമാകുന്നു. യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. രാജാധിപത്യം അവനുമാത്രമാണ്. എല്ലാ സ്തുതികളും അവനുമാത്രമാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനുമാണ്. എന്റെ രക്ഷിതാവേ, ഈ രാത്രിയിലെ നന്മയും ശേഷമുള്ള രാത്രികളിലെ നന്മയും ഞാൻ തേടുന്നു. ഈ രാത്രിയിലെ തിന്മയിൽ നിന്നും ശേഷമുള്ള രാത്രികളിലെ തിന്മയിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. എന്റെ രക്ഷിതാവേ, അലസതയിൽനിന്നും വാർദ്ധക്യത്തിന്റെ കെടുതികളിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. എന്റെ രക്ഷിതാവേ, നരക ശിക്ഷയിൽനിന്നും ഖബ്ർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

പ്രവാചകൻ ﷺ വൈകുന്നേരമാകുമ്പോഴും നേരംപുലരുമ്പോഴും ഇപ്രകാരം പറയുമായിരുന്നു എന്ന് ഇമാം മുസ്ലിമും ഇമാം അഹ്മ

ദും ഇമാം തിർമിദിയും മറ്റും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**17 – اَللَّهُمَّ إِنِّي أَسأَلُكَ العَفْـوَ وَالعَافِيَةَ فِي الدُنيَا وَالآخِرَةِ، اَللّهُمَّ إِنِّي أَسأَلُكَ العَفْـوَ وَالعَافِيَةَ فِي دِينِي وَدُنيَاي وَأَهلِي وَمَالِي، اَللَّهُمَّ اسْتُرْ عَوْرَاتِي وَ آمِنْ رَوْعَاتِي، اَللَّهُمَّ احْفَظْنِي مِن بَينِ يَدَيَ وَمِن خَلْفِي وَعَنْ يَمِينِي وَعَنْ شِمَالِي وَمِن فَـوْقِـي، وَأَعُوذُ بِعَظَمَتِكَ أَن أُغتَالَ مِنْ تَحْتِي**

അല്ലാഹുവേ, ഇഹത്തിലും പരത്തിലും ഞാൻ നിന്നോട് മാപ്പും സൗഖ്യവും തേടുന്നു. അല്ലാഹുവേ, എന്റെ ദീനിലും ഇഹലോക ജീവിതത്തിലും കുടുംബത്തിലും സമ്പത്തിലും ഞാൻ നിന്നോട് പാപമോചനവും സൗഖ്യവും തേടുന്നു. അല്ലാഹുവേ, നീ എന്റെ നഗ്നത മറക്കേണമേ, എന്റെ ഭയപ്പാടുകൾക്ക് നിർഭയത്വമേകേണമേ. അല്ലാഹുവേ, എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലതുഭാഗത്തിലൂടെയും ഇടതുഭാഗത്തിലൂടെയും മുകളിലൂടെയും (പിണഞ്ഞേക്കാവുന്ന അപകടങ്ങളിൽനിന്ന്) നീ എനിക്ക് സംരക്ഷണമേകേണമേ. എന്റെ താഴ്ഭാഗത്തിലൂടെ (ഭൂഗർഭത്തിലേക്ക്) ആഴ്ത്തപ്പെടുന്നതിൽനിന്ന് നിന്റെ മഹത്വത്തിൽ ഞാൻ അഭയം തേടുന്നു.

അല്ലാഹുവിന്റെ റസൂൽ ﷺ, പ്രഭാതത്തിലാകുമ്പോഴും പ്രദോഷത്തിലാകുമ്പോഴും ഈ പ്രാർത്ഥനാ വചനങ്ങളെ ഉപേക്ഷിക്കാറുണ്ടായിരുന്നില്ലെന്ന് ഇബ്നുഉമറി ؓ ൽനിന്നുള്ള ഹദീഥിലുണ്ട്. ഇമാം അഹ്മദും മറ്റും റിപ്പോർട്ട് ചെയ്തത്. ഇമാം ഹാകിം, ദഹബി, നവവി, ഹൈഥമി, ഇബ്നുഹിബ്ബാൻ, അൽബാനി എന്നിവർ ഹദീഥിനെ സ്വഹീഹെന്നും ഇബ്നുഹജർ ഹസനെന്നും വിശേഷിപ്പിച്ചിട്ടുണ്ട്.

**18 – بِسْمِ اللهِ الَّذِي لاَ يَضُرُّ مَعَ اسْمِهِ شَيْءٌ فِي الْأَرضِ وَلاَ فِي السَمَاءِ وَهُوَ السَمِيعُ العَـلِيمُ**

അല്ലാഹുവിന്റെ നാമത്തിൽ. അവന്റെ നാമം (അനുസ്മരിക്കുന്ന തോടെ) ഭൂമിയിലും ആകാശത്തിലും യാതൊന്നും ഉപദ്രവിക്കുകയി ല്ല. അവൻ എല്ലാം സസൂക്ഷ്മം കേൾക്കുന്നവനും അറിയുന്നവനുമാ കുന്നു. (മൂന്ന് തവണ)

ഒരാൾ പ്രദോഷത്തിൽ ഈ ദിക്ർ മൂന്നുതവണ പറഞ്ഞാൽ നേരം പുലരുന്നതുവരെ പെട്ടെന്നുള്ള ഒരു പരീക്ഷണവും അയാളെ ബാധി ക്കുകയില്ല എന്നും ഒരാൾ പ്രഭാതത്തിലാണ് ഇത് മൂന്നുതവണ പറ യുന്നതെങ്കിൽ വൈകുന്നേരമാകുന്നതുവരെ പെട്ടെന്നുള്ള ഒരു പരീ ക്ഷണവും അവനെ ബാധിക്കുകയില്ല എന്നും ഉഥ്മാൻ ഇബ്നുഅ ഫ്ഫാനി ﷺൽനിന്നുള്ള ഹദീഥിലുണ്ട്. സുനനു അബീദാവൂദ്. അൽ ബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

എല്ലാ പ്രഭാതത്തിലും എല്ലാ പ്രദോഷത്തിലും ഈ വചനം മൂന്ന് തവണ പറയുന്ന വ്യക്തിയെ യാതൊന്നും ഉപദ്രവിക്കുകയില്ലന്ന് മറ്റൊ രു റിപ്പോർട്ടിലുണ്ട്. സുനനുത്തിർമിദി. ഇമാം തിർമിദിയും ഇബ്നു ബാസും ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

**19 – سُبْحَانَ اللهِ عَدَدَ خَلْقِهِ، سُبْحَانَ اللهِ رِضَا نَفْسِهِ، سُبْحَانَ اللهِ زِنَةَ عَرْشِهِ، سُبْحَانَ اللهِ مِدَادَ كَلِمَاتِهِ**

അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; അവന്റെ സൃ ഷ്ടികളുടെ എണ്ണത്തോളം, അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; അവന്റെ നഫ്സിന്റെ തൃപ്തിയോളം, അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; അവന്റെ അർശിന്റെ തൂക്കത്തോ ളം, അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; അവന്റെ വച നങ്ങളുടെ വ്യാപ്തിയോളം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തു ന്നു. (മൂന്ന് തവണ)

**20 – سُبْحَانَ اللهِ وَبِحَمْدِهِ عَدَدَ خَلْقِهِ، وَرِضَا نَفْسِهِ، وَزِنَةَ عَرْشِهِ، وَمِدَادَ كَلِمَاتِهِ**

അല്ലാഹുവിന്റെ സൃഷ്ടികളുടെ എണ്ണത്തോളവും അവന്റെ നഫ്സി

ന്റെ തൃപ്തിയോളവും അവന്റെ അർശിന്റെ തൂക്കത്തോളവും അവന്റെ വചനങ്ങളുടെ വ്യാപ്തിയോളവും അവനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. (മൂന്ന് തവണ)

ജുവൈരിയ്യഃﷺയിൽനിന്ന് നിവേദനം: റസൂൽﷺ സുബ്ഹി നമസ്കരിച്ച് പ്രഭാതത്തിൽ അവരുടെ അടുക്കൽനിന്ന് പുറപ്പെട്ടു. അവർ നമസ്കരിച്ച സ്ഥലത്തുതന്നെ ഇരുന്നു. പൂർവ്വാഹ്നം പിന്നിട്ടപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ മടങ്ങിവന്നു. അവർ അപ്പോഴും അവിടെ ഇരിക്കുകയായിരുന്നു. റസൂൽﷺ പറഞ്ഞു: "ഞാൻ നിങ്ങളെ പിരിഞ്ഞിറങ്ങിയ അതേ അവസ്ഥയിൽ തന്നെയാണോ നിങ്ങളിപ്പോഴും." അവർ പറഞ്ഞു: അതെ. തിരുമേനിﷺ പറഞ്ഞു: "ഞാൻ നിങ്ങളെ പിരിഞ്ഞ ശേഷം നാല് വചനങ്ങൾ മൂന്ന് തവണ ചൊല്ലുകയുണ്ടായി. ഇന്ന് നിങ്ങൾ ചൊല്ലിയ ദിക്റുകളെല്ലാം അവയോടൊത്ത് തൂക്കുകയാണെങ്കിൽ അവയായിരിക്കും കനം തൂങ്ങുക." സ്വഹീഹു മുസ്‌ലിം, സുനനുത്തിർമിദി.

## 21 – اللَّهُمَّ عَافِنِي فِي بَدَنِي، اللَّهُمَّ عَافِنِي فِي سَمْعِي، اللَّهُمَّ عَافِنِي فِي بَصَرِي، لاَ إِلَهَ إِلاَّ أَنْتَ.

അല്ലാഹുവേ, നീ എനിക്ക് എന്റെ ശരീരത്തിൽ സൗഖ്യമേകേണമേ. അല്ലാഹുവേ, നീ എനിക്ക് എന്റെ കേൾവിയിൽ സൗഖ്യമേകേണമേ. അല്ലാഹുവേ, നീ എനിക്ക് എന്റെ കാഴ്ചയിൽ സൗഖ്യമേകേണമേ. യഥാർത്ഥ ആരാധ്യനായി നീയല്ലാതെ മറ്റാരുമില്ല.

## 22 – اللَّهُمَّ إِنِّي أَعُوذُبِكَ مِنَ الْكُفْرِوَالْفَقْرِاللَّهُمَّ إِنِّي أَعُوذُبِكَ مِنْ عَذَاب الْقَبْرِلاَإِلَهَ إِلاَّأَنْتَ

അല്ലാഹുവേ അവിശ്വാസത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. അല്ലാഹുവേ ഖബ്റിലെ ശിക്ഷയിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. യഥാർത്ഥ ആരാധ്യനായി നീയല്ലാതെ മറ്റാരുമില്ല.

അബ്ദുർറഹ്മാൻ ഇബ്നു അബീബകറഃ رضي الله عنه തന്റെ പിതാവ് അബൂ

ബക റഃ ﷺയോട് ചോദിച്ചു: "എന്റെ പിതാവേ, താങ്കൾ എല്ലാ പ്രഭാത ങ്ങളിലും പ്രദോഷങ്ങളിലും മൂന്ന് തവണ ഈ വചനങ്ങൾ ആവർത്തി ച്ച് ചൊല്ലുന്നതായി ഞാൻ കേൾക്കുന്നുവല്ലോ. അപ്പോൾ അദ്ദേഹം പറഞ്ഞു: നബി ﷺ ഇവകൊണ്ട് (പ്രഭാതത്തിലും പ്രദോഷത്തിലും മൂന്ന് തവണ ആവർത്തിച്ച്) ദുആ ചെയ്തതായി ഞാൻ കേട്ടിട്ടുണ്ട്. അതിൽ പിന്നെ തിരുമേനി ﷺയുടെ സുന്നത്ത് പ്രാവർത്തികമാക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു. (മുസ്നദു അഹ്മദ്) ഇമാം ഇബ്നു ഹിബ്ബാൻ ഹദീഥി നെ സ്വഹീഹെന്നും, ഇമാം ഇബ്നു ഹജറും ശുഐബ് അൽഅർനാ ഊത്വും ഹദീഥിനെ ഹസനെന്നും വിശേഷിപ്പിച്ചിട്ടുണ്ട്.

മൂന്ന് തവണ വീതം

23 – ﴿ قُلْ هُوَ اللَّهُ أَحَدٌ .................. ﴾

24 – ﴿قُلْ أَعُوذُ بِرَبِّ الْفَلَقِ ............﴾

25 – ﴿قُلْ أَعُوذُ بِرَبِّ النَّاسِ ............﴾

ഖുബയ്ബി ﷺൽനിന്ന് നിവേദനം: അദ്ദേഹം പറയുന്നു: "ഞങ്ങൾ കോരിച്ചൊരിയുന്ന മഴയും കൂരിരിട്ടുമുള്ള ഒരു രാത്രി അല്ലാഹുവിന്റെ തിരുദൂതരെ ﷺ തേടി പുറപ്പെട്ടു. തിരുമേനി ﷺ ഞങ്ങൾക്ക് നമസ്ക രിക്കുന്നതിന് വേണ്ടിയായിരുന്നു അത്. (അബ്ദുല്ലാഹ്ഇ ബ്നുഖു ബയ്ബ് ﷺ) പറയുന്നു: അങ്ങിനെ ഞാൻ അദ്ദേഹത്തെ കണ്ടെത്തി. അപ്പോൾ തിരുദൂതർ ﷺ പറഞ്ഞു: "താങ്കൾ പാരായണം ചെയ്യുക" അപ്പോൾ ഞാൻ ഒന്നും പാരായണം ചെയ്തില്ല. വീണ്ടും തിരുദൂതർ ﷺ പറഞ്ഞു: "താങ്കൾ പാരായണം ചെയ്യുക" അപ്പോഴും ഞാൻ ഒന്നും പാരായണം ചെയ്തില്ല. ഞാൻ ചോദിച്ചു: 'എന്താണ് ഞാൻ പാരായ ണം ചെയ്യേണ്ടത് ﷺ' തിരുമേനി ﷺ പറഞ്ഞു: "രാവിലെയാകുമ്പോഴും വൈകുന്നേരമാകുമ്പോഴും താങ്കൾ അൽഇഖ്ലാസ്, അൽഫലക്, അന്നാസ് എന്നിവ മൂന്നുതവണ പാരായണം ചെയ്യുക; അവ താങ്കൾ ക്ക് എല്ലാ കാര്യത്തിനും മതിയാകുന്നതാണ്."

ഇമാം തിർമിദിയും നവവിയും അൽബാനിയും ഹദീഥിനെ സ്വഹീ ഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

**26 – لاَ إِلَـهَ إِلاَّ اللّهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ**

യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. രാജാധിപത്യം അവനുമാത്രമാണ്. എല്ലാ സ്തുതികളും അവനുമാത്രമാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാത്തിനും കഴിവുള്ളവനുമാണ്. (പത്ത് തവണ)

ഒരാൾ പ്രഭാതത്തിൽ പ്രവേശിക്കുമ്പോൾ ഈ ദിക്ർ പത്ത് തവണ ചൊല്ലിയാൽ, അവൻ ചൊല്ലിയ ഓരോന്നുകൊണ്ടും അല്ലാഹു അവന് പത്ത് നന്മകൾ രേഖപ്പെടുത്തും. അതുകൊണ്ട് അല്ലാഹു അവനിൽ നിന്ന് പത്ത് തിന്മകൾ മായിക്കും അതുകൊണ്ട് അല്ലാഹു അവന് പത്ത് പദവികൾ ഉയർത്തും അവ പത്തും അവന് മോചിപ്പിക്കപ്പെട്ട പത്ത് അടി മകളെപ്പോലെയായിരിക്കും പകലിന്റെ ആദ്യം മുതൽ പകലിന്റെ അന്ത്യം വരെ അവ അവന്(പിശാചിൽനിന്ന്) സുരക്ഷയായിരിക്കും. ഇവയെ മറി കടക്കുന്ന ഒരു കർമ്മവും അവൻ അന്നേരം ചെയ്തിട്ടേയില്ല. അവൻ വൈകുന്നേരമാകുമ്പോൾ ചൊല്ലിയാലും അപ്രകാരം തന്നെയാണ് എന്നും തിരുമൊഴിയിലുണ്ട്. ഇമാം ഇബ്നു ഹിബ്ബാനും അൽബാനിയും ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

**27 – اسْتَغْفِرُ اللّهَ**

അല്ലാഹുവോട് ഞാൻ പാപം പൊറുക്കുവാൻ തേടുന്നു.

അല്ലാഹുവോട് നൂറ് തവണ ഇസ്തിഗ്ഫാറിനുവേണ്ടി തേടാതെ ഞാൻ ഒരിക്കലും പ്രഭാതത്തിൽ പ്രവേശിച്ചിട്ടില്ലെന്ന് നബി ﷺ പറഞ്ഞതായി ഹദീഥിലുണ്ട്. ഹദീഥിനെ ഇമാം സ്വുയൂത്വി ഹസനെന്നും അൽബാനി സ്വഹീഹെന്നും വിശേഷിപ്പിച്ചിട്ടുണ്ട്.

**28 – سُبْحَانَ اللهِ ، الْحَمْدُ للهِ ، اللهُ أَكْبَرُ لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ المُلْكُ وَلَهُ الحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ**

അല്ലാഹു പരമപരിശുദ്ധനാകുന്നു. സ്തുതികൾ മുഴുവനും അല്ലാഹുവിന് മാത്രമാകുന്നു. അല്ലാഹു ഏറ്റവും വലിയവനാകുന്നു. യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. രാജാധിപത്യം അവനുമാത്രമാണ്. എല്ലാ സ്തുതികളും അവനുമാത്രമാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാണ്.

അംറ് ഇബ്നു ശുഐബ് ﵀ തന്റെ പ്രപിതാവിൽനിന്നും അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞതായി നിവേദനം ചെയ്യുന്നു: "വല്ലവനും സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും മുമ്പ് നൂറ് തവണ സുബ്ഹാനല്ലാഹ് (തസ്ബീഹ്) ചൊല്ലിയാൽ അത് നൂറ് ഒട്ടകങ്ങളേക്കാൾ ശേഷ്ഠമായി. വല്ലവനും സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും മുമ്പ് നൂറ് തവണ 'അൽഹംദുലില്ലാഹ്(തഹ്മീദ്) ചൊല്ലിയാൽ അത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (ജിഹാദ് നടത്തുന്ന യോദ്ധാക്കളെ) വഹിക്കപ്പെടുന്ന നൂറ് കുതിരകളേക്കാൾ ശ്രേഷ്ഠമായി. വല്ലവനും സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും മുമ്പ് നൂറ് തവണ അല്ലാഹു അക്ബർ (തക്ബീർ) ചൊല്ലിയാൽ അത് നൂറ് അടിമകളെ മോചിപ്പിച്ചതിനേക്കാൾ ശേഷ്ഠമായി. വല്ലവനും സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും മുമ്പ് നൂറ് തവണ:"

**29 – لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ**

എന്നു പറഞ്ഞാൽ അന്ത്യനാളിൽ ഒരാളും അയാളുടെ കർമ്മത്തേക്കാൾ ശ്രേഷ്ഠമായ കർമ്മവുമായി എത്തിയിട്ടില്ല; അയാൾ ചൊല്ലിയതു പോലുള്ള വചനം ചൊല്ലിയവനോ അല്ലെങ്കിൽ അതിനേക്കാൾ വർദ്ധിപ്പിച്ചവനോ അല്ലാതെ. ഇമാം തിർമിദിയും അൽബാനിയും ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

### സ്വലാത്ത് ചൊല്ലുക (സ്വലാത്തിന്റെ ഒരു രൂപം)

**30 – اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ**

وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيد اَللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيم إِنَّكَ حَمِيدٌ مَجِيدٌ.

അല്ലാഹുവേ, ഇബ്റാഹീമിനും ഇബ്റാഹീമിന്റെ കുടുംബത്തിനും നീ കരുണ ചെയ്തതുപോലെ മുഹമ്മദിനും കുടുംബത്തിനും നീ കരുണ ചൊരിയേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. അല്ലാഹുവേ, ഇബ്റാഹീമിനേയും ഇബ്റാഹീമിന്റെ കുടുംബത്തേയും നീ അനുഗ്രഹിച്ചതുപോലെ മുഹമ്മദിനേയും കുടുംബത്തേയും നീ അനുഗ്രഹിക്കേണമേ! നിശ്ചയം, നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ്.

വല്ലവനും, പ്രഭാതത്തിലാകുമ്പോഴും പ്രദോഷത്തിലാകുമ്പോഴും എന്റെ മേൽ പത്ത് സ്വലാത്തുകൾ വീതം ചൊല്ലിയാൽ അവൻ അന്ത്യനാളിൽ എന്റെ ശഫാഅത്ത് കണ്ടെത്തുന്നതാണ് എന്ന് ഹദീഥിൽ വന്നിട്ടുണ്ട്. ത്വബറാനിയും അൽബാനിയും ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

### 31 – أَعـُوذُ بِـكَلِمَاتِ اللهِ التـَامّاتِ مِنْ شَـرِّ ماَ خَلَـقَ

അല്ലാഹുവിന്റെ സമ്പൂർണ്ണ വചനങ്ങൾകൊണ്ട് അവൻ സൃഷ്ടിച്ചതിലെ തിന്മകളിൽനിന്ന് ഞാൻ അഭയം തേടുന്നു.

തേൾ കടിച്ച ഒരു വ്യക്തിയോട്, ഈ ദുആ പ്രദോഷത്തിലായിരിക്കെ പറഞ്ഞിരുന്നുവെങ്കിൽ അത് താങ്കൾക്ക് ഉപദ്രവമേൽപ്പിക്കില്ലായിരുന്നു എന്ന് തിരുമേനിﷺ പറഞ്ഞതായി ഇമാം തിർമിദി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇബ്നുഹജർ, ഇബ്നുഹിബ്ബാൻ, അൽബാനി എന്നിവർ ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.